കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

എടവണ്ണ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.5/1757/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/12/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടവണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.5/1757/2021 തീയ്യതി: 16/12/2021

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-02-2020 മുതൽ 15-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഉണ്ണിപൂതംകുറ്റി	ഡെപ്യൂട്ടി ഡയറക്ടർ	16-10-2021	30-10-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-10-2021	30-10-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ സത്താർ.സി.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ്.പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രാമകൃഷ്ണൻ. ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.റഷീദ്.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുജാത.എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഉഷാ നായർ.ബി.വി	പ്രസിഡന്റ്	01-04-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഫസിൽഷാ.ഐ	സെക്രട്ടറി	01-04-2019	22-08-2019
ശ്രീമതി.ബീന.പി.എ	സെക്രട്ടറി (ഇൻ ചാർജ്)	23-08-2019	29-11-2019
ശ്രീമതി.ആശ ഗോപാൽ	സെക്രട്ടറി	30-11-2019	31-03-2020
ശ്രീമതി.ബീന.പി.എ	അസി. സെക്രട്ടറി	01-04-2019	31-03-2020
ശ്രീമതി.ഷഹാന.സി	കൃഷി ഓഫീസർ	01-04-2019	23-05-2019
ശ്രീ.സുബൈർബാബു.കെ	കൃഷി ഓഫീസർ	24-05-2019	25-09-2019
ശ്രീമതി.സബ്ന.പി.കെ	കൃഷി ഓഫീസർ	26-09-2019	01-12-2019
ശ്രീമതി.ഷഹാന.സി	കൃഷി ഓഫീസർ	02-12-2019	31-12-2019
ശ്രീമതി.സബ്ന.പി.കെ	കൃഷി ഓഫീസർ	01-01-2020	29-02-2020
ശ്രീമതി.സീനത്ത്.കെ.കെ	കൃഷി ഓഫീസർ	01-03-2020	31-03-2020
ശ്രീ. അബൂബക്കർ.പി	ഹെഡ്മാസ്റ്റർ	01-04-2019	01-10-2019
ശ്രീ. സുധാകരൻ.പി	ഹെഡ്മാസ്റ്റർ	02-10-2019	31-03-2020
ഡോ. മൻസൂറലി.വി.പി	മെഡിക്കൽ ഓഫീസർ (PHC)	01-04-2019	31-03-2020
ഡോ.ജീന	മെഡിക്കൽ ഓഫീസർ (ഹോമിയോ))	01-04-2019	31-03-2020
ഡോ.ശുഭ	മെഡിക്കൽ ഓഫീസർ (GAD)	01-04-2019	10-12-2019
ഡോ.ബീന.എസ്	മെഡിക്കൽ ഓഫീസർ (GAD)	11-12-2019	31-03-2020
ശ്രീ.ഉസ്മാൻ	അസി. എൻജിനീയർ	01-04-2019	02-09-2019
ശ്രീമതി.രജിത	അസി. എൻജിനീയർ	03-09-2019	31-03-2020
ഡോ.സൂരജ്.സി	വെറ്ററിനറി സർജൻ	01-04-2019	04-09-2019

ഡോ.രജീഷ്.എം	വെറ്ററിനറി സർജൻ	05-09-2019	31-03-2020
ശ്രീമതി.പുഷ്പജ.സി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2019	31-03-2020
ശ്രീമതി.സജിനി.ഒ	ക്ഷീര വികസന ഓഫീസർ	01-04-2019	31-03-2020
ശ്രീ. കൃഷ്ണദാസ്. പി.	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ	01-04-2019	27-06-2019
ഒഴിവ്	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ	28-06-2019	04-08-2019
ശ്രീ. ശ്രീജിത്ത് വി.എം.	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ	05-08-2019	01-12-2019
ഒഴിവ്	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ	02-12-2019	03-01-2020
ശ്രീമതി സനീജ.പി.	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ	04-01-2020	31-03-2020

-

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Sujatha M (Auditor, On 30-10-2021) Last Updated By: Sujatha M (Auditor, On 30-10-2021)	1-1
2	വാർഷിക ധനകാര്യപത്രിക. Written By: Sujatha M (Auditor, On 23-10-2021) Last Updated By: Sujatha M (Auditor, On 23-10-2021)	1-2
3	സാമ്പത്തിക വിശകലനം. Written By: Sujatha M (Auditor, On 23-10-2021) Last Updated By: Sujatha M (Auditor, On 24-10-2021)	1-3
4	ഫണ്ട് വിനിയോഗം (ACR പ്രകാരം) Written By: Sujatha M (Auditor, On 23-10-2021) Last Updated By: Unni.P (Deputy Director, On 08-12-2021)	1-4
5	പദ്ധതി അവലോകനം Written By: Sujatha M (Auditor, On 23-10-2021) Last Updated By: Sujatha M (Auditor, On 24-10-2021)	1-5
6	തൊഴിലുറപ്പ് പദ്ധതി Written By: Sujatha M (Auditor, On 23-10-2021) Last Updated By: Sujatha M (Auditor, On 24-10-2021)	1-6
7	വിവിധ ക്ഷേമ പദ്ധതികൾ. Written By: Sujatha M (Auditor, On 23-10-2021) Last Updated By: Unni.P (Deputy Director, On 08-12-2021)	1-7
8	ക്യാഷ് വെരിഫിക്കേഷൻ. Written By: Sujatha M (Auditor, On 23-10-2021) Last Updated By: Unni.P (Deputy Director, On 08-12-2021)	1-8
9	ആഭ്യന്തര നിയന്ത്രണം Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. Written By: Sujatha M (Auditor, On 23-10-2021) Last Updated By: Sujatha M (Auditor, On 29-10-2021)	1-10
11	വാർഷികകണക്ക് പരിശോധന – അപാകതകൾ Written By: Sujatha M (Auditor, On 30-10-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-11
12	വെറ്ററിനറി സർജൻ- രശീതി പുസ്തകങ്ങളുടെ ഉപയോഗം - അപാകതകൾ Written By: Sujatha M (Auditor, On 30-10-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-12
13	വസ്തു നികുതി നിർണ്ണയം - അപാകതകൾ Written By: Sujatha M (Auditor, On 30-10-2021) Last Updated By: Unni.P (Deputy Director, On 09-12-2021)	1-13
14	കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ. Written By: Sujatha M (Auditor, On 30-10-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-14
15	ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കിയില്ല. Written By: Sujatha M (Auditor, On 30-10-2021) Last Updated By: Unni.P (Deputy Director, On 09-12-2021)	1-15
16	ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ തന്നെ വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചു.	1-16

	Written By: Sujatha M (Auditor, On 30-10-2021) Last Updated By: Unni.P (Deputy Director, On 09-12-2021)	
17	തൊഴിൽ നികുതി - വിവിധ അപാകതകൾ. Written By: Sujatha M (Auditor, On 30-10-2021) Last Updated By: Unni.P (Deputy Director, On 09-12-2021)	1-17
18	ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും - പ്രിന്റർ ലഭിച്ചിട്ടില്ല. Written By: Rasheed V (Senior Grade Auditor, On 30-10-2021) Last Updated By: Rasheed V (Senior Grade Auditor, On 30-10-2021)	1-18
19	നെൽകൃഷി പ്രോത്സാഹനം - നെൽവിത്ത് വിതരണത്തിലെ അപാകത. Written By: Rasheed V (Senior Grade Auditor, On 30-10-2021) Last Updated By: Rasheed V (Senior Grade Auditor, On 30-10-2021)	1-19
20	ഇ-ടെണ്ടർ ഫീ ലഭ്യമാക്കിയില്ല Written By: Santhosh.P.T (Asst. Audit Officer, On 29-10-2021) Last Updated By: Unni.P (Deputy Director, On 09-12-2021)	1-20
21	നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല. Written By: Santhosh.P.T (Asst. Audit Officer, On 29-10-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-21
22	പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ Written By: Santhosh.P.T (Asst. Audit Officer, On 29-10-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-22
23	പരിരക്ഷ – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. Written By: Rasheed V (Senior Grade Auditor, On 30-10-2021) Last Updated By: Unni.P (Deputy Director, On 13-12-2021)	1-23
24	പി എം എ വൈ അധിക വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 13-12-2021)	1-24
25	പരസ്യ ചാർജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല. Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-25
26	കുടിവെള്ള വിതരണം - ആദായ നികുതി ഈടാക്കിയില്ല. Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 13-12-2021)	1-26
27	ആർജ്ജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു. Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 13-12-2021)	1-27
28	കുടിവെള്ള പദ്ധതി റിപ്പയർ- നടപടിക്രമങ്ങൾ പാലിച്ചില്ല Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 13-12-2021)	1-28
29	ശമ്പള ബിൽ- അവധി ശമ്പളം രേഖപ്പെടുത്തിയില്ല Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 13-12-2021)	1-29
30	എസ് ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപും പഠനോപകരണങ്ങളും പദ്ധതി - രേഖകളിലെ അപാകതകൾ Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 13-12-2021)	1-30
31	എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് പദ്ധതി - അപാകതകൾ Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-31
32	കുന്നുമ്മൽ അംഗനവാടിക്ക് വാടക – അധികതുക നൽകി Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 13-12-2021)	1-32

33	എടവണ്ണ കുടിവെള്ളപദ്ധതിയുടെ കിണറിലെ ചെളി നീക്കൽ പ്രവൃത്തി- അപാകതകൾ Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 13-12-2021)	1-33
34	പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ -പ്രവർത്തന വിവരം ലഭ്യമാക്കേണ്ടതാണ് Written By: Ramakrishnan.T (Senior Grade Auditor, On 31-10-2021) Last Updated By: Unni.P (Deputy Director, On 13-12-2021)	1-34
35	തനത്ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-35
36	വനിതാ വ്യായാമശാല പ്രവർത്തിക്കുന്നില്ല. Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	1-36
37	തനത് ഫണ്ട് ചെലവുകൾ - രേഖകൾ ലഭ്യമാക്കേണ്ടതാണ് Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	1-37
38	ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല. Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-37-1
39	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് തുക നൽകിയത്/ തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് സൂപ്പർവിഷൻ ചാർജ്- പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	1-37-2
40	മരങ്ങൾ ലേലം ചെയ്തില്ല. Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	1-37-3
41	സ്റ്റോക്ക്, ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല. Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	1-37-4
42	ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ചെലവുകൾ- രേഖകൾ ലഭ്യമാക്കിയില്ല. Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	1-37-5
43	പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	1-37-6
44	കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നില്ല. Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	1-38
	ഭാഗം 2	
1	ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കിയില്ല. Written By: Sujatha M (Auditor, On 08-11-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	2-1
	ഭാഗം 3	
1	പരിരക്ഷ – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. Written By: Rasheed V (Senior Grade Auditor, On 08-11-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	3-1

ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. Written By: Sujatha M (Auditor, On 29-10-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. Written By: Sujatha M (Auditor, On 29-10-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021) Last Updated By: Ramakrishnan.T (Senior Grade Auditor, On 01-11-2021)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. Written By: Sujatha M (Auditor, On 29-10-2021) Last Updated By: Sujatha M (Auditor, On 29-10-2021)	4-4
5	വായ്പ /വായ്പ തിരിച്ചടവ്. Written By: Sujatha M (Auditor, On 29-10-2021) Last Updated By: Sujatha M (Auditor, On 29-10-2021)	4-5
6	സ്ഥിര നിക്ഷേപം Written By: Sujatha M (Auditor, On 29-10-2021) Last Updated By: Sujatha M (Auditor, On 29-10-2021)	4-6
7	ഓഡിറ്റ് റിക്കവറി. Written By: Sujatha M (Auditor, On 29-10-2021) Last Updated By: Sujatha M (Auditor, On 29-10-2021)	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. Written By: Sujatha M (Auditor, On 29-10-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം. Written By: Sujatha M (Auditor, On 29-10-2021) Last Updated By: Unni.P (Deputy Director, On 15-12-2021)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Sujatha M (Auditor, On 29-10-2021) Last Updated By: Unni.P (Deputy Director, On 16-12-2021)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ Written By: Sujatha M (Auditor, On 29-10-2021) Last Updated By: Sujatha M (Auditor, On 29-10-2021)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

1-1 ബജറ്റ്

2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി	(പുതുക്കിയത്) തീരുമാന നം./തിയ്യതി
1/ 13.02.2019	1(1)/29.02.2020

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31 .07.2020	03.06.2020	ബാധകമല്ല.	ബാധകമല്ല.

1-3 സാമ്പത്തിക വിശകലനം.

മുന്നിരിപ്പ്	39383656
വരവ്	81221958
ആകെ	120605614
ചെലവ്	82392655
നീക്കിയിരിപ്പ്	38212959

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	22916819	22916819	13419998	9496821
വികസനഫണ്ട് (എസ്.സി.പി.)	0	15703871	15703871	6300561	9403310
വികസനഫണ്ട് (ടി.എസ്.പി.)	0	958805	958805	545600	413205
സംരക്ഷണഗ്രാന്റ് (റോഡ്)	0	25125000	25125000	13127044	11997956
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	5577000	5577000	2458363	3118637
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	14382546	14382546	5066334	9316212
ബി ഫണ്ട്	0	29072480	29072480	29072480	0

1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
365	219534668	184	67425167	177	78	50

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്

ഭരണചെലവുകൾ	2486	438531	441017	438193	2824
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	14724138	14724138	14724138	0

1-7 വിവിധ ക്ഷേമ പദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	328080	213
കർഷക തൊഴിലാളി പെൻഷൻ	2077800	377
വിധവാ പെൻഷൻ	8098800	1446
വാർദ്ധക്യകാല പെൻഷൻ	14734800	2589
വികലാംഗ പെൻഷൻ	3321800	590
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	240000	4
50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	271200	48

1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് 3.15 Pm വരെയുള്ള വരവ് പ്രകാരമുള്ള തുകയിൽ കൗണ്ടറിൽ 94 രൂപയുടെ കുറവ് ഉണ്ടായിരുന്നു. ഇത് ഫ്രണ്ട് ഓഫീസിൽ പണം അടവാക്കാൻ വന്ന നികുതിദായകന് പണം ബാക്കി നൽകിയപ്പോൾ വന്ന പിഴവ് കാരണം സംഭവിച്ചതാണെന്ന് മറുപടി ലഭ്യമാക്കുകയും 22.10.2021 ന് ബാങ്ക് അവധി ആയതിനാൽ അടവാക്കാതിരുന്ന 22.10.2021 ലെ 24941 രൂപയും 23.10.2021 ലെ ആകെ കളക്ഷൻ 73377 രൂപയും ബാങ്കിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയും ചെയ്തു.

1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണിച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും (ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല. ഭൂരിഭാഗം സ്റ്റോക്കുകളുടെയും വിവരം കണ്ടിജന്റ് രജിസ്റ്ററിലാണ് രേഖപ്പെടുത്തി കാണുന്നത്.

കൂടാതെ, ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക് രജിസ്ററർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2)ജി ഒ (പി)നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ്മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പാലിക്കുന്നില്ല.

3)ജി ഒ (എം എസ്) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും തയ്യാറാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. 2019-20 വർഷത്തെ പ്രോജക്ടുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

വ്യക്തമായ ലക്ഷ്യബോധവും, ആസൂത്രണവുമില്ലാതെ പദ്ധതിപണം ചെലവഴിയ്ക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

4)ജി ഒ (എം എസ്) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം, ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്ട് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാ കാര്യങ്ങളിലും നേതൃത്വപരമായി ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കേണ്ടതും അന്തിമ വിശകലനം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളിലും ക്രിയാത്മക

പങ്ക് വഹിക്കേണ്ടതും സ്റ്റാന്റിംഗ് കമ്മറ്റികളുടെ ചുമതലയാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഇടപെടൽ കാര്യക്ഷമമല്ല.

5) 2019-20 വർഷത്തിൽ പർച്ചേസിംഗ് കമ്മറ്റി രൂപികരിച്ചിട്ടില്ല.

6)വൗച്ചറുകളുടെ സൂക്ഷിപ്പ് ശരിയായല്ല. വൗച്ചറുകൾ സീരിയൽ നമ്പർ ക്രമത്തിൽ സൂക്ഷിക്കുന്നില്ല. ഫയലുകളുടെ സൂക്ഷിപ്പും ശരിയായല്ല. വൗച്ചറുകളിൽ ചെലവിനാധാരമായ കാരണം കൃത്യമായി രേഖപ്പെടുത്തുന്നില്ല. തനത്ഫണ്ട് വൗച്ചറുകളുടെ കൂടെ ചെലവിനാധാരമായ വിവരങ്ങൾ രേഖപ്പെടത്തിയ സെക്രട്ടറിയുടെ ഉത്തരവ്, ചെലവ് സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, കൃത്യമായ ചെലവു രേഖകൾ എന്നിവ സൂക്ഷിക്കേണ്ടതും കണ്ടിജന്റ് ചെലവുകൾ സംബന്ധിച്ച് കൃത്യമായ നിയന്ത്രണങ്ങൾ പാലിക്കേണ്ടതും, അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

7) പ്രോജക്ടുകളുടെ നടത്തിപ്പിൽ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്. സെക്രട്ടറിയുടെ പ്രോജക്ടുകളിൽ മിക്കതും ശരിയായി രേഖകൾ സൂക്ഷിക്കാത്തതിന്റെ അവസ്ഥ പ്രകടമാണ്. വിശദാംശങ്ങൾ ഭാഗം ഒന്നിലെ തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

8)തെരുവ് വിളക്കുകളുടെ എണ്ണം, ഇനം മുതലായവ സംബന്ധിച്ച് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല (ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). വൈദ്യുതി ചാർജ് ഇനത്തിൽ നല്ലൊരു തുക ഗ്രാമപഞ്ചായത്ത് മാസംതോറും അടവാക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന തെരുവിളക്കുകളെ സംബന്ധിച്ചും ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളെ സംബന്ധിച്ചും ഒരു വിവരവും ഗ്രാമപഞ്ചായത്തിൽ ഇല്ല.

9) ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

10) ക്ലാർക്കുമാർ ചെയ്യേണ്ട പല ജോലികൾക്കും (നികുതി പിരിവ്, ഫ്രന്റ് ഓഫീസ് ചുമതല തുടങ്ങിയവ ഉദാഹരണം) ഓഫീസ് അറ്റന്റർമാരെ ചുമതലപ്പെടുത്തിയതായി കാണുന്നു. ക്ലാർക്കുമാരുടെ അപര്യാപ്തത സർക്കാർ ശ്രദ്ധയിൽ പെടുത്തിയതിന്റെ യാതൊരു രേഖയും ഹാജരാക്കിയിട്ടുമില്ല. തസ്തികകൾക്ക് അനുസൃതമായ ചുമതലകൾ എല്ലാവരും നിർവ്വഹിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12.10.2021	01.07.2021 മുതൽ 30.09.2021 വരെ	21.10.2021
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	14.06.2017 മുതൽ 23.06.2017 വരെ	2012-13 മുതൽ 2016-17 വരെ	03-08-2017

1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

2019-2020 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നിവയുടെ ചെലവ് വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റും എ.സി.ആറും പൊരുത്തപ്പെടുന്നില്ല.

2). I-14(D), RP-19 എന്നിവ പ്രകാരം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം 2,40,000/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 4 ഗുണഭോക്താക്കൾക്കായി 1,20,000/- രൂപ മാത്രമാണ് 2019-2020 സാമ്പത്തിക വർഷത്തിൽ വിവാഹ ധനസഹായം അനുവദിച്ചിട്ടുള്ളത്.

3). ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B-7, RP- 34 എന്നിവ പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4). അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18, RP- 47 എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5). ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-5, RP- 32 പ്രകാരമുള്ള തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) വസ്തു നികുതി വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

7) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട പഞ്ചായത്ത് ഡയറക്ടറുടെ 2/8/2018 ലെ 92146/2019/J(DP)PAN J8-22652/2018 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് അസി.സെക്രട്ടറി ശ്രീമതി. ബീന.പി.എം. നെ 3.6.2019 ലെ 40/2019 ഓഫീസ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

8) ബാങ്ക് ബുക്കുകൾ എല്ലാ മാസാവസാനവും പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതെ, വർഷാവസാനം ഒന്നിച്ച് പ്രിന്റെടുത്തിരിക്കുകയാണ്. റീകൺസിലേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല.

9). RP-40b പ്രകാരം MGNREGS അക്കൗണ്ടിലെ നീക്കിയിരുപ്പ് 2824 രൂപയാണ്. എന്നാൽ B4 ഷെഡ്യൂൾ പ്രകാരം ഇത് 1619 രൂപയാണ്.

10) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

I) 320100121- ഐ സി ഡി എസ് - 2889192.00

Ii) 320200322 - Grant From Suchitha Mission – 2478495.00

Iii) 320300103 - Total Sanitation- 500000.00

Iv) 320700204 - Contributions For Other Specific Purposes (For Revenue Expenditure)-From Block Panchayaths – 518450.00

V). 320700205 - Contributions For Other Specific Purposes (For Revenue Expenditure)-From District Panchayaths – 22150.00

Vi). 320700404 - Contributions For Other Specific Purposes (For Revenue Expenditure)-From Block Panchayaths – 307000.00

Vii). 320700405 - Contributions For Other Specific Purposes (For Revenue Expenditure)-From District Panchayaths – 377800.00

Viii). 320800101 - Beneficiary Contribution – 85848.00

11) മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

12)ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തൊഴിൽനികുതി (ജീവനക്കാർ, വ്യാപാരികൾ), ലൈസൻസ്, മറ്റുവാടക, വസ്തുനികുതി മുതലായ ഇനങ്ങളിലുള്ള വരവ് വിവരം, വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

13) വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഇനങ്ങളിൽ രേഖപ്പെടുത്തിയ അഡ്വാൻസ് തുകയുടെ ആധികാരിതയും രേഖകളുടെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല.

14) പ്രതിദിനം പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട കാഷ് ബുക്കിനു പകരം, കാഷ് ബുക്ക് സമ്മറി, ഡേ ബുക്ക് എന്നിവയാണ് ഹാജരാക്കിയത്.

15) ലൈഫ് ഭവന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 4,60,000/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 1,00,000/- രൂപയും വാർഷിക കണക്കിൽ (RP 7) ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 31(2019-2020)/29.10.2021)

1-12 വെറ്ററിനറി സർജൻ- രശീതി പുസ്തകങ്ങളുടെ ഉപയോഗം - അപാകതകൾ

വെറ്ററിനറി സർജൻ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കായുള്ള ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി രശീതി ബുക്കുകൾ ഉപയോഗിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

കേരള ട്രഷറി കോഡ് (വാല്യം 1) ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2, കേ. പ. രാ. (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 83 എന്നിവ അനുസരിച്ച് ഓരോ രശീത് ബുക്കും അവ ലഭ്യമായ ഉടൻ തന്നെ സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതുമാണെങ്കിലും വെറ്ററിനറി സർജൻ ഉപയോഗിച്ച 53880, 53881, 5230, 5231, 18664 എന്നീ രശീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

2. രശീതികളിൽ തിയ്യതി രേഖപ്പെടുത്തുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16(2) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു വേണ്ടി കൈപ്പറ്റുന്ന തുകകൾ തൊട്ടടുത്ത ദിവസം പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ വിവിധ പദ്ധതികൾക്കായുള്ള ഗുണഭോക്തൃ വിഹിതം കൈപ്പറ്റി ഗുണഭോക്താക്കൾക്ക് നൽകിയ രശീതികളിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കളക്ട് ചെയ്ത തുക യഥാസമയം ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. തിയ്യതി രേഖപ്പെടുത്താത്ത രശീതികളുടെ വിവരം ചുവടെ ചേർക്കുന്നു.

53880	58 മുതൽ 100 വരെ
53881	1 മുതൽ 41 വരെ
5230	1, 2, 4 മുതൽ 100വരെ
5231	50മുതൽ 59വരെ, 64മുതൽ 85വരെ, 88മുതൽ 99 വരെ
5233	8മുതൽ 37വരെ, 39 മുതൽ 61 വരെ, 64മുതൽ 99വരെ
5234	2 മുതൽ 77 വരെ

മുകളിൽ പരാമർശിച്ച രശീതികൾ ഒഴികെ ഉപയോഗിച്ച രശീതികളിലെല്ലാം രശീതി നൽകുന്ന സമയത്ത് തിയ്യതി ചേർക്കാതെ ഗ്രാമ പഞ്ചായത്തിൽ തുക അടവാക്കുന്ന തിയ്യതി ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടുണ്ടെങ്കിലും തിയ്യതി ചേർത്തത് മാത്രം ഡബിൾ ഫേസ്ഡ് പകർപ്പ് വന്നിട്ടില്ലാത്തതിനാൽ ഇത് വ്യക്തമാണ്. ആയതിനാൽ കളക്ഷൻ തുക അടവാക്കുന്നതിൽ കാലതാമസം ഉണ്ടായോ എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3. രശീതികളുടെ ഉപയോഗത്തിൽ സൂക്ഷ്മത പുലർത്തുന്നില്ല.

പണമിടപാടുമായി ബന്ധപ്പെട്ടതായതിനാൽ രശീതികളുടെ ഉപയോഗത്തിൽ അതീവ സൂക്ഷ്മത പുലർത്തേണ്ടതാണെങ്കിലും ആയത് ശ്രദ്ധിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

രശീതി / രേഖപ്പെടുത്തിയ തിയ്യതി	തുക	അടവാക്കിയ വിവരം	റിമാർക്സ്
53880/19 തിയ്യതി. 25.02.2020	2530	119100111734/ 27.02.2020- 75900/-	രശീതുകൾ ക്രമത്തിലല്ല ഉപയോഗിച്ചിട്ടുള്ളത് / കളക്ഷൻ തുക യഥാസമയം അടവാക്കിയില്ല. (ഈ രശീതികളിലെല്ലാം തിയ്യതി പിന്നീട് ചേർത്തിട്ടുള്ളതാണ്.)
53880/21-52 തിയ്യതി. 27.02.2020	87370	119100111735/ 27.02.2020- 14000/-	
53880/20 തിയ്യതി. 28.02.2020	7000	119100111819/ 28.02.2020- 7000/	

4) ചട്ടപ്രകാരമുള്ള രസീതി ബുക്കുകൾ ഉപയോഗിച്ചില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20-2 (ബി) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് സെക്രട്ടറി നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായിരിക്കേണ്ടതും അത് അക്കൗണ്ട്സ് മാന്വലിൽ നിർദ്ദേശിച്ച ഫോറത്തിൽ ഉള്ളതുമായിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള രസീത് ബുക്കുകൾ നിർദ്ദിഷ്ട ഫോറത്തിൽ സെക്രട്ടറി അച്ചടിപ്പിച്ച് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും വെറ്ററിനറി സർജന് നൽകിയ രസീത് ബുക്കുകൾ സെക്രട്ടറി നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായതല്ല.

അപാകതകൾക്ക് സെക്രട്ടറി, വെറ്ററിനറി സർജൻ എന്നിവരുടെ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/*19-20*/26.10.2021) ഇനിമുതൽ ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് വെറ്ററിനറി സർജൻ മറുപടി ലഭ്യമാക്കി.

<u>1-13 വസ്തു നികുതി നിർണ്ണയം - അപാകതകൾ</u>

ശ്രീ. അസൈൻ കാട്ടീരി എന്നവരുടെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 72/270/3-2, 3-4 ൽ ഉൾപ്പെട്ട സ്ഥലത്ത് അനുമതിയില്ലാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ നിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിനാണ് B1- 5564/19 തി. 17.07.2019 അപേക്ഷ സമർപ്പിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം ക്രമവൽക്കരിച്ച് VII/ 440 A മുതൽ P വരെയുള്ള കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി നിർണ്ണയത്തിൽ അപാകതയുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

അപേക്ഷയോടൊപ്പം സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം

GF (Commercial) - 46.45 ച.മീ

GF (Residential) - 274.25 ച.മീ

FF (Residential) - 382.64 ച.മീ

SF -15.60 ച.മീ

എന്നിങ്ങനെ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 718.94 ച.മീറ്ററാണ്. സൈറ്റ് പരിശോധിച്ച് ഓവർസിയർ സമർപ്പിച്ച റിപ്പോർട്ടിലും നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണം 672.49 ച.മീ (Residential), 46.45 ച.മീ (Commercial) എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ 46.45 ച.മീ (Commercial), 672.49 ച.മീ (Special Residential) എന്ന രീതിയിലാണ് ക്രമവൽക്കരിച്ചിട്ടുള്ളത് (B1- BA(221432)/2019 Dated06.08.2019). (7190/- രൂപ 119100103333/05.08.2019).

KPBR പാലിച്ചുകൊണ്ട് നിർമ്മിച്ച കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കെട്ടിടത്തിന് VII/ 440 A മുതൽ Pവരെയുള്ള കെട്ടിട നമ്പർ അനുവദിക്കുന്നതിന് വാർഡ് ക്ലർക്ക് കുറിപ്പ് എഴുതുകയും ആയത് ജെ.എസ്, സെക്രട്ടറി എന്നിവർ അംഗീകരിച്ചതായും കാണുന്നു. എന്നാൽ 48 ച.മീറ്റർ 100 ച.മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം (30 രൂപ/ച.മീ)എന്ന രീതിയിലും 672 ച.മീറ്റർ വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർപിരി ഷെഡ് (10 രൂപ/ ച.മീ) എന്ന രീതിയിലും പരിഗണിച്ചാണ് വസ്തു നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

<table>
<tr><td>440 – A - D</td><td>GF- 12 ച.മീ X4 = 48 ച.മീ</td><td>100 ച.മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം (30 രൂപ/ച.മീ)</td></tr>
<tr><td>440- E - I</td><td>GF- 56 ച.മീ X5 = 280 ച.മീ</td><td rowspan="2">വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർപിരി ഷെഡ് (10 രൂപ/ ച.മീ)</td></tr>
<tr><td>440- J - P</td><td>FF 56 ച.മീ X7 = 392 ച.മീ</td></tr>
</table>

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 1 8/*19-20*/26.10.2021 മറുപടി ലഭ്യമാക്കിയില്ല.)

<u>1-14 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.</u>

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട

നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ക്രമം പാലിക്കുന്നില്ല. (ഉദാ. 16.05.2019 ൽ ലഭിച്ച 3569 നമ്പർ കറണ്ട് 3613/18.05.19 , 3749/23.05.19, 3750/23.05.19, 3874/29.05.19, 3894/30.05.2019, 3845/28.05.19, 3569/16.05.2019 എന്നീ ക്രമത്തിലാണ് കറണ്ടുകൾ ചേർത്തിരിക്കുന്നത്). രജിസ്റ്ററിലെ ക്രമ നമ്പറുകളും ക്രമ രഹിതമായാണ് ചേർത്തിരിക്കുന്നത്. ഉദാഹരണമായി ക്രമ നം. 21 ന് ശേഷം 22 ചേർക്കാതെ ക്രമ നം. 26 ന് ശേഷമാണ് 22 ചേർത്തിട്ടുള്ളത്. കൂടാതെ പല ക്രമ നമ്പറുകൾക്കും സബ് നമ്പറുകൾ നൽകി അപേക്ഷകൾ ചേർത്തിട്ടുണ്ട്. ക്രമ നം. 25 , 25 B, 26, 25 A എന്നീ ക്രമത്തിൽ അപേക്ഷകൾ ചേർത്തിട്ടുണ്ട്.

(2).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപ്പൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പറിൽ നിന്നാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(3).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പറും, പേജ് നമ്പറും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(4).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവയൊന്നും സൂക്ഷ്മ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ രേഖപ്പെടുത്തുന്നില്ല.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(6).കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്. ചില അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നു. എന്നാൽ ചില അപേക്ഷകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസവും വന്നിട്ടുണ്ട്. രണ്ട് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	കറന്റ് നമ്പർ / തിയ്യതി	പെർമിറ്റ് നമ്പർ / തിയ്യതി
1	11088/19 തി. 21.12.2019	B1/11088/19(28)തി. 05.02.2020
2	11261/19തി. 27.12.2019	B1/11261/19(34)തി. 11.02.2020

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും പരാമർശിത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 19/*19-20*/28.10.2021 ന് മറുപടി ലഭ്യമാക്കിയില്ല)

1-15 ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കിയില്ല.

എടവണ്ണ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30/ ച.മീ
വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	50/ ച.മീ
വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	75/ ച.മീ

ചുവടെ ചേർത്ത കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തിന്റെ ഉപയോഗ ക്രമം പരിഗണിച്ചതിൽ അപാകത കാണുന്നു.

കെട്ടിട ഉടമ / കെട്ടിട നമ്പർ, സെക്രട്ടറി അംഗീകരിച്ച തിയ്യതി	തറവിസ്തീർണ്ണം	നികുതി നിർണ്ണയ വിവരം	ഈടാക്കേണ്ട നികുതി	വ്യത്യാസം
ശ്രീ . അബ്ദു സമദ്, ചീരാൻ തൊടിക V/337 F 17.09.2019	GF- 209.58 ച.മീ	30/ച.മീ നിരക്കിൽ അടിസ്ഥാന വസ്തു നികുതി- 209.58X30 = 6288 ഇളവ്- 30%(മേഖല- 20% + മേൽക്കൂര 10%) - 1886 വർദ്ധനവ്- 20% (റോഡ്)- 1257 വസ്തു നികുതി = 5659 ലൈബ്രറി സെസ്- 283 **ആകെ-** 5942	50/ച.മീ നിരക്കിൽ അടിസ്ഥാന വസ്തു നികുതി- 209.58X50 = 10479 ഇളവ്- 30% (മേഖല- 20% + മേൽക്കൂര 10%) - 3143 വർദ്ധനവ്- 20% (റോഡ്)- 2096 വസ്തു നികുതി = 9432 ലൈബ്രറി സെസ്- 472 **ആകെ-** 9904	വസ്തു നികുതി- 3773 ലൈബ്രറി സെസ്- 189 **ആകെ-** 3962
ചെയർമാൻ ഇസ്ലാമിക ഗൈഡൻസ് ട്രസ്റ്റ്, എടവണ്ണ 733 J 14.05.2019	FF- 322 ച.മീ	30/ച.മീ നിരക്കിൽ അടിസ്ഥാന വസ്തു നികുതി- 322 X30 = 9660/- വർദ്ധനവ്- 20% (റോഡ്)- 1932 = 11592 ഇളവ്- ബഹുനില വാണിജ്യാവശ്യം - 579.6	30/ച.മീ നിരക്കിൽ അടിസ്ഥാന വസ്തു നികുതി- 322 X50 = 16100/- വർദ്ധനവ്- 20% (റോഡ്)- 3220 = 19320 ഇളവ്- ബഹുനില വാണിജ്യാവശ്യം - 966	വസ്തു നികുതി- 7341 ലൈബ്രറി സെസ്- 367 **ആകെ-7708**

		വസ്തു നികുതി- 11013 ലൈബ്രറി സെസ്- 551 **ആകെ-11564 രൂപ**	വസ്തു നികുതി- 18354 ലൈബ്രറി സെസ്- 918 **ആകെ- 19272 രൂപ**	

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം പരിഗണിക്കാതെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന രീതിയിൽ പരിഗണിച്ച് വസ്തു നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള മുകളിൽ പരാമർശിച്ച കെട്ടിടങ്ങളെ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളായി പരിഗണിച്ച് വസ്തു നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകേണ്ടതും ഡിമാന്റ് ക്രമീകരിച്ച് വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 21 /*19-20*/28.10.2021 ന് മറുപടി ലഭ്യമാക്കിയില്ല)

1-16 ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ തന്നെ വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം എടവണ്ണ ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്.

ഒരേ ഉപയോഗതരമായിട്ടും സെക്ഷൻ 203(9)ന് വിരുദ്ധമായി വെവ്വേറെ കെട്ടിടങ്ങളായി പരിഗണിച്ച് നികുതി നിർണ്ണയിക്കുന്നത് നിയമ വിരുദ്ധവും കൂടിയാണ്. കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ച വാണിജ്യ കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട ഉടമ	വിസ്തീർണ്ണം	കെട്ടിട നമ്പർ നൽകിയ വിവരം	നികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ച നിരക്ക്	വസ്തു നികുതി നിർണ്ണയിച്ച തിയ്യതി
1	ശ്രീ .മുഹമ്മദ്.പി, പാറങ്ങാടൻ	160.76 ച.മീ	XI/ 651 T, U	100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ	13.11.2019
2	ശ്രീ .അഷ്റഫ് തറമണ്ണിൽ മുതൽ പേർ	330ച.മീ	XI/ 492 C മുതൽ L വരെ	100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ.	30.12.2019
3	ശ്രീ.	487.5 ച.മീ	XII/ 723	100ച.മീ. വരെ	03.03.2020

	അരഞ്ഞിക്കൽ ഉമ്മർ, നാലകത്ത് സഫിയ		A മുതൽ O വരെ	ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ	
4	ശ്രീ. മുഹമ്മദ് റാഫി ഭാര്യ തസ്നീന കുടി	141.72 ച.മീ	XVIII/ 519 C മുതൽ H വരെ	100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ.	27.01.2020
5	ശ്രീ. അബ്ദുൾ റസാഖ്.കെ, കാഞ്ഞിരാല വീട്	274.5ച.മീ	XXII/697 A , C , 697 P മുതൽ V വരെ	100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ	07.03.2020

ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ തന്നെ വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല. വ്യത്യസ്ത നിരക്കിൽ നികുതി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 30/*19-20*/29.10.2021 ന് മറുപടി ലഭ്യമാക്കിയില്ല.)

1-17 തൊഴിൽ നികുതി - വിവിധ അപാകതകൾ.

1). ഗ്രാമപഞ്ചായത്ത് ഓഫീസിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയില്ല.

എടവണ്ണ ഗ്രാമപഞ്ചായത്ത് ഓഫീസിലെ താഴെ പറയുന്ന രണ്ട് ജീവനക്കാർ സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

ക്രമ നമ്പർ.	പേര്	തസ്തിക
1	ജയപ്രകാശ്	സീനിയർ ക്ലർക്ക്
2	മണികണ്ഠൻ.ജെ	ക്ലർക്ക്

ഈ ജീവനക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2). സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനത്തിന്റെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

ക്രമ നമ്പർ.	സ്ഥാപനത്തിന്റെ പേര്	ബാധകമായ അർദ്ധവർഷം.
1	ബി.എസ്.എൻ.എൽ എടവണ്ണ.	ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ
2	ഫെഡറൽ ബാങ്ക് എടവണ്ണ	രണ്ടാം അർദ്ധവർഷം.
3	എടവണ്ണ സർവ്വീസ് സഹകരണ ബാങ്ക്	ഒന്നാം അർദ്ധവർഷം.
4	പ്രെയ്സ് വിൽ പബ്ലിക് സ്കൂൾ	രണ്ടാം അർദ്ധവർഷം.

3). താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ക്രമ നമ്പർ.	സ്ഥാപനത്തിന്റെ പേര്	ബാധകമായ അർദ്ധവർഷം.	റിമാർക്സ്.
1	പ്രെയ്സ് വിൽ പബ്ലിക് സ്കൂൾ	രണ്ടാം അർദ്ധവർഷം.	ഒന്നാം അർദ്ധവർഷത്തിൽ 35 ജീവനക്കാർ തൊഴിൽ നികുതി അടച്ചിട്ടുണ്ട്.
2	ഫെഡറൽ ബാങ്ക് എടവണ്ണ	രണ്ടാം അർദ്ധവർഷം.	ഒന്നാം അർദ്ധവർഷത്തിൽ 10 ജീവനക്കാർ തൊഴിൽ നികുതി അടച്ചിട്ടുണ്ട്.
3	കുടുംബശ്രീ ഓഫീസ്	ഒന്ന്, രണ്ട്	

		അർദ്ധവർഷങ്ങൾ.	
4	ജലനിധി ഓഫീസ്	ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ.	
5	കാർഷിക സഹായക സംഘം, എടവണ്ണ	ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ.	

4). സാമ്പത്തിക വർഷം കഴിഞ്ഞ് തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളുടെ അടവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളുടേയും, സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും തൊഴിൽ നികുതി കുടിശ്ശികയായി 2020-21 സാമ്പത്തിക വർഷത്തിൽ ഈടാക്കിയതായി തൻവർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, 2019-20 വർഷത്തെ അരിയർ ഡിമാന്റ് രജിസ്റ്ററോ സ്ഥാപനം സമർപ്പിക്കുന്ന റിട്ടേണോ തുക അടവാക്കിയതിന്റെ വിവരങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ബാധകമായ അർദ്ധവർഷം.	റിമാർക്സ്.
1	എസ്.ബി.ഐ എടവണ്ണ	രണ്ടാം അർദ്ധവർഷം.	സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും തൊഴിൽനികുതി.
2	വെറ്ററിനറി സബ്സെന്റർ, ഒതായി	രണ്ടാം അർദ്ധവർഷം.	ജീവനക്കാർ.
3	ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, പെരകമണ്ണ.	രണ്ടാം അർദ്ധവർഷം.	ജീവനക്കാർ.
4	സൌത്ത് ഇൻഡ്യൻ ബാങ്ക്	രണ്ടാം അർദ്ധവർഷം.	സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും തൊഴിൽനികുതി.
5	എരഞ്ഞിക്കോട് പോസ്റ്റ് ഓഫീസ്	രണ്ടാം അർദ്ധവർഷം.	ജീവനക്കാർ.
6	രാജഗിരി ഹോസ്പിറ്റൽ, എടവണ്ണ.	രണ്ടാം അർദ്ധവർഷം.	സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും തൊഴിൽനികുതി.
7	സബ്ട്രഷറി എടവണ്ണ.	രണ്ടാം അർദ്ധവർഷം.	ജീവനക്കാർ.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 05(2019-20)/23.10.20121 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-18 ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും - പ്രിന്റർ ലഭിച്ചിട്ടില്ല.

പ്രൊജക്ട് നമ്പർ	13/20
വിനിയോഗിച്ച തുക	55,320/- രൂപ (തനത് ഫണ്ട്)
ചെക്ക് നമ്പർ / തിയ്യതി	3044982 തിയ്യതി. 23.11.2019
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എന്ന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി താഴെ പറയുന്ന പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷന് 55,320/- രൂപ മുൻകൂർ നൽകിയിട്ടുണ്ട് .

Sl.No.	CPRCS Work Order No./ Date	Proforma Invoice No./Date	Item	Amount Paid
1	8413 / 12.02.2020	10113 / 21.10.2019	Desktop-Intel Processor	40,469/-
2	8412 / 12.02.2020	10115 / 21.10.2019	A4 Multi Function Printer.	14,851/-

എന്നാൽ 14.12.2020 ലെ ITP/07059/20-21 നമ്പർ ഇൻവോയിസ് പ്രകാരം കമ്പ്യൂട്ടർ മാത്രമാണ് കെൽട്രോൺ നൽകിയിട്ടുള്ളത്. പ്രിന്റർ ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 06(2019-20)/23.10.2021) പ്രിന്റർ ലഭ്യമാക്കുന്നതിന് വേണ്ടി നിരന്തരം കെൽട്രോണുമായി ബന്ധപ്പെട്ടിരുന്നെങ്കിലും പ്രിന്റർ ലഭ്യമായിട്ടില്ലെന്നും കെൽട്രോണിന്റെ 10.02.2021 ലെ ITBG/ITP/RC/RFND/249/20-21 നമ്പർ കത്ത് പ്രകാരം 14,851/- രൂപ റീഫണ്ട് ചെയ്ത് തരാമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. എന്നാൽ റീഫണ്ടിന് താൽപ്പര്യമില്ലാത്തതിനാൽ ഈ തുകയിൽ ഉൾക്കൊള്ളുന്ന പ്രിന്റർ വാങ്ങുന്നതിന് (A4 മോണോക്രോം ലേസർ പ്രിന്റർ) വർക്ക് ഓർഡർ കൊടുക്കുന്നതിന് 15.09.2021 ലെ തീരുമാനം നമ്പർ 1(1) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. പ്രിന്റർ ലഭ്യമാക്കി അറിയിക്കുന്നത് വരെ 14,851/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

1-19 നെൽകൃഷി പ്രോത്സാഹനം - നെൽവിത്ത് വിതരണത്തിലെ അപാകത.

പ്രൊജക്റ്റ് നമ്പർ	5/20
വിനിയോഗിച്ച തുക	6,70,660/- രൂപ (തനത് ഫണ്ട്)
ബിൽ നമ്പർ / തിയ്യതി	01/2019-20 തിയ്യതി. 07.11.2019 – 83,160/- രൂപ.
	02/2019-20 തിയ്യതി. 21.11.2019 – 2,12,500/- രൂപ.
	07/2019-20 തിയ്യതി. 20.01.2020 – 3,75,000/- രൂപ.
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ.

2019-20 സാമ്പത്തിക വർഷത്തിൽ നെൽകൃഷി പ്രോത്സാഹനം എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് നെൽവിത്ത് വിതരണം, നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, ജൈവവളത്തിന് സബ്സിഡി എന്നിവയ്ക്ക് വേണ്ടി 6,70,660/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 83,160/- രൂപ നെൽവിത്ത് വിതരണത്തിനാണ് ചെലവഴിച്ചിട്ടുള്ളത്. 1980 കിലോഗ്രാം നെൽവിത്ത് വാങ്ങിയതിൽ 1974 കിലോഗ്രാം മാത്രമാണ് എടവണ്ണ ഗ്രാമപഞ്ചായത്ത് പാടശേഖരസമിതി മുഖേന 64 കർഷകർക്കായി വിതരണം ചെയ്തിട്ടുള്ളത്. നെൽവിത്തിന്റെ സ്റ്റോക്ക് ഇഷ്യൂ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുമില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 23(2019-20)/29.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-20 ഇ-ടെണ്ടർ ഫീ ലഭ്യമാക്കിയില്ല

2019-20 വർഷത്തിൽ 177 പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക 2,84,161 രൂപ മലപ്പുറം എൽ എസ് ജി ഡി എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. മേൽ തുകകൾ നാളിതുവരെ പഞ്ചായത്തിനു ലഭിച്ചിട്ടില്ല.

ഇ-ടെണ്ടർ ഫീസ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 2-10-2017 ലെ G0(Rt) 3186/2017 LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. ഇതു പ്രകാരം അക്കൗണ്ട് ആരംഭിച്ച് ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-21 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യനിർണ്ണയതുകയുടെ ഒരു ശതമാനം പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമ്മാണതൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്.1996 ലെ ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈയിനത്തിൽ പഞ്ചായത്ത് തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 7/25-10-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

നിലവിൽ പ്രസ്തുത ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ലെന്നും ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കാമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

1-22 പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ

2019-20 വർഷം അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 281 പ്രോജെക്ടുകൾ ആണ് തയ്യാറാക്കിയത്. 126 എണ്ണം നടപ്പാക്കി. 155 എണ്ണം നടപ്പാക്കിയിട്ടില്ല. 69 സ്പിൽ ഓവർ പ്രോജെക്ടുകളിൽ 49 എണ്ണം നടപ്പാക്കി. 20 എണ്ണം നടപ്പാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ തൻവർഷം തന്നെ പൂർത്തിയാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

പഞ്ചായത്തിൽ ഒരു അസി. എഞ്ചിനീയറും രണ്ട് ഓവർസിയർമാരും, ക്ലർക്കും നിലവിൽ ജോലി ചെയ്യുന്നുണ്ട്. പ്രവത്തികളുടെ ബാഹുല്യം പദ്ധതി നിർവഹണത്തിന് തടസ്സം വരുത്തുന്നുണ്ട്. കൂടാതെ പ്രവത്തികളുടെ ഗുണമേന്മ ഉറപ്പു വരുത്താൻ കഴിയുന്നുമില്ല. തൻവർഷത്തിൽ ആകെ 281 പ്രവൃത്തികളിൽ 126 പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കിയത്. പദ്ധതി ചെലവ് 45% മാത്രമാണ് പ്രവൃത്തികളുടെ എണ്ണം കുറയ്ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. മരാമത്ത് പ്രവൃത്തികൾ വീതം വയ്ക്കാതെ പഞ്ചായത്തിനെ ഒറ്റ യൂനിറ്റായി കണ്ട് മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

ആകെ പദ്ധതികൾ	281	ആകെ അടങ്കൽ	81408490
നടപ്പിലാക്കിയത്	126	ആകെ ചെലവ്	29285428
ശതമാനം	45	ശതമാനം	36

<u>റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.</u>

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തികൾ ചെയ്യുതെന്ന് ഉറപ്പു വരുത്തുന്ന രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ വിവരം) സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി നിർവ്വഹിക്കുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ എന്ന് ഉറപ്പു വരുത്തുകയും റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

<u>ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുവാൻ പദ്ധതി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സംരക്ഷണമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

കാഷ്ബുക്കിൽ ദിവസേനയുള്ള ക്ലോസിംഗ്, മാസാന്ത്യ ക്ലോസിംഗ്, വർഷാന്ത്യ ക്ലോസിംഗ് എന്നിവ രേഖപ്പെടുത്തുന്നില്ല.

കരാറുകാരുടെ രജിസ്ട്രേഷൻ ഹാജരാക്കിയില്ല.
എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല.
ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.
തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.17 ലെ11350/15/CE തസ്വഭവ നമ്പർ സർക്കുലറിൽ നിർദേശിച്ച എല്ലാ രജിസ്റ്ററുകളും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല</u>

ടെൻഡർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏതു നിരക്കിൽ പിഴ ഈടാക്കുമെന്നും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറിൽ വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച പുതിയ PWD മാന്വൽ പ്രകാരമുള്ള വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുന്നില്ല. PWD മാന്വൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പദ്ധതി നിർവ്വഹണത്തിൽ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>റോഡ് പ്രവൃത്തികളുടെ ചെയിനേജ് വ്യക്തമായി രേഖപ്പെടുത്തുന്നില്ല.</u>

തൻവർഷം ചെയ്ത റോഡ് പ്രവത്തികളുടെ ചെയിനേജ് എസ്റ്റിമേറ്റിലും എംബുക്കിലും രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ച് രേഖാമൂലം സൈറ്റ് തിരിച്ചേൽപ്പിക്കുന്നില്ല.

പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വന്ന സാമഗ്രികൾ, താൽക്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസി. എഞ്ചിനീയറെ തിരിച്ചേൽപ്പിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം ലഭ്യമാക്കിയില്ല.

എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും അപ്രകാരം വാഹന സൗകര്യം അവർക്കു ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പണികളുടെ ആധിക്യം ഉള്ള സാഹചര്യത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

പദ്ധതി രൂപീകരണത്തിനായി ഓരോ വിഷയമേഖലയിലും രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ദ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷത്തെ പ്രോജെക്ടുകളുടെ നിർവഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക, പ്രോജെക്ടുകൾ തയ്യാറാക്കുക പ്രോജെക്ട് നിർവഹണത്തിനു ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക തുടങ്ങിയ ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ 2019-20 ലെ വാർഷികപദ്ധതി തയ്യാറാക്കുന്നതിന് ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതികൾ നിർദ്ദേശിക്കുന്നതിനപ്പുറം കാര്യമായ ചർച്ചകൾ നടന്നിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളെ പുനസംഘടിപ്പിക്കുകയും അവയ്ക്ക് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുകയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഉത്തരവാദിത്തങ്ങളാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച് ഗൗരവമായ ചർച്ചകളോ തീരുമാനങ്ങളോ രേഖപ്പെടുത്തിയതായി കാണുന്നില്ല. അതാത് മേഖലകളുമായി ബന്ധപ്പെട്ട് യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിലും പരിഹാരമുണ്ടാക്കുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വ്യക്തമായ മേൽനോട്ടമാവശ്യമാണ്.

1-23 പരിരക്ഷ – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

പ്രൊജക്ട് നമ്പർ	18/20
വിനിയോഗിച്ച തുക	4,40,240/- രൂപ (വികസന ഫണ്ട്) + 2,07,179/- രൂപ (തനത് ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

2019-20 സാമ്പത്തിക വർഷത്തിൽ പരിരക്ഷ ഹോംകെയർ പദ്ധതിക്ക് വേണ്ടി 4,40,240/- രൂപ വികസന ഫണ്ടിൽ നിന്നും 2,07,179/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). പരിരക്ഷ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.മുഹമ്മദ് സാലിഹിന് 2019 സെപ്റ്റംബർ മാസത്തെ ദിവസവേതനമായി 15,875/- രൂപ 06.11.2019 ലെ 3044975 നമ്പർ ചെക്ക് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ.മുഹമ്മദ് സാലിഹ് 715 രൂപ നിരക്കിൽ 16 ദിവസത്തെ വേതനത്തിനാണ് അപേക്ഷിച്ചിട്ടുള്ളത്. ഇത് പ്രകാരം 11,440/- രൂപ മാത്രമാണ് അനുവദിക്കേണ്ടിയിരുന്നത്. വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരവും സെപ്റ്റംബർ മാസത്തിൽ 16 ദിവസം മാത്രമാണ് പരിരക്ഷ ഹോം കെയറിന് വേണ്ടി വാഹനം ഓടിയിട്ടുള്ളത്. 4,435/- രൂപ അധികം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

2). പരിരക്ഷ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.മുഹമ്മദ് സാലിഹിന് 2019 ഒക്ടോബർ മാസത്തെ ദിവസവേതനമായി 12,155/- രൂപ 23.11.2019 ലെ 3044980 നമ്പർ ചെക്ക് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ.മുഹമ്മദ് സാലിഹ് 715 രൂപ നിരക്കിൽ 15 ദിവസത്തെ വേതനത്തിനാണ് അപേക്ഷിച്ചിട്ടുള്ളത്. ഇത് പ്രകാരം 10,725/- രൂപ മാത്രമാണ് അനുവദിക്കേണ്ടിയിരുന്നത്. വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരവും സെപ്റ്റംബർ മാസത്തിൽ 15 ദിവസം മാത്രമാണ് പരിരക്ഷ ഹോം കെയറിന് വേണ്ടി വാഹനം ഓടിയിട്ടുള്ളത്. 1,430/- രൂപ അധികം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

3). 23.11.2019 ലെ 3044981 നമ്പർ ചെക്ക് പ്രകാരം വാഹനത്തിന്റെ ഇൻഷുറൻസ് അടവാക്കുന്നതിനായി ശ്രീ.അബ്ദുൾ നാസർ (അക്കൗണ്ട് നമ്പർ.67394281982, SBI Edavanna) എന്നവർക്ക് 11,652/- രൂപ അനുവദിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന് തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. ഇൻഷുറൻസ് പ്രീമിയം അടച്ചതിന്റെ രശീതിയോ ഇൻഷുറൻസ് രേഖയോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 24(2019-20)/29.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-24 പി എം എ വൈ അധിക വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.

പ്രോജക്റ്റ് നം. 352/20

വിനിയോഗിച്ച തുക – 3,26,000 രൂപ (പ്ലാൻ ഫണ്ട് -ജനറൽ)

ബിൽ നം. 15/19-20/01.11.2019

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 3,26,000 രൂപ 2016-17,2017-18 വർഷത്തെ പി എം എ വൈ (ജനറൽ അധിക വിഹിതം അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

എന്നാൽ, പദ്ധതികൾക്കായി തുക കൈപ്പറ്റിയതിന്റെയും, വിനിയോഗിച്ചതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 /23.10.2021) ആയത് ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭിച്ചു. ആയത് ലഭ്യമാക്കുന്നതു വരെ ചെലവുതുക 3,26,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-25 പരസ്യ ചാർജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല.

2019-20 വർഷത്തിൽ താഴെ പറയും പ്രകാരം വിവിധ പരസ്യങ്ങൾ ദിനപത്രങ്ങൾ മുഖേന നൽകിയതിന് തനത്ഫണ്ടിൽ നിന്നും സെക്രട്ടറി മുഖേന തുക നൽകിയിട്ടുണ്ട്.

ക്രമ നം.	വൗച്ചർ നം./ തീയ്യതി	നൽകിയ തുക	ചെലവിന്റെ വിവരം
1	21900148/30.05.19	4620	'കോഴിയും കൂട്ടും 'പദ്ധതി പരസ്യ ചാർജിനത്തിൽ മാതൃഭൂമി ദിനപത്രത്തിന് നൽകിയ തുക ഇൻവോയിസ് നം.321000145049/21.05.19
2	21900278/25.07.19	2272	ഡോക്ടറിനെ നിയമിക്കുന്നതിനായി മാതൃഭൂമി ദിനപത്രത്തിൽ പരസ്യം നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക ഇൻവോയിസ് നം.321000033785/25.06.19
3	21900498/28.09.19	1714	തൊഴിലുറപ്പ് പദ്ധതി -ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ചന്ദ്രിക ദിനപത്രത്തിൽ പരസ്യം നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക ബിൽ നം. 446/30.05.19
4	21900687/11.11.19	15,750	മരാമത്ത് പ്രവൃത്തികളുടെ പരസ്യം മാതൃഭൂമി ദിനപത്രത്തിൽ നൽകിയതിന്

			പരസ്യചാർജ്ജിനത്തിൽ നൽകിയ തുക ഇൻവോയിസ് നം.321000074011/05.10.19 -10,710 ഇൻവോയിസ് നം.321000074012/05.10.19 -5,040(ഐ സി ഡി എസ്)
5	21900779/06.12.19	10,710	മരാമത്ത് പ്രവൃത്തികളുടെ പരസ്യം മാതൃഭൂമി ദിനപത്രത്തിൽ നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക ഇൻവോയിസ് നം.321000086086/06.11.19
6	21900922/22.01.20	6426	മരാമത്ത് പ്രവൃത്തികളുടെ പരസ്യം മാതൃഭൂമി ദിനപത്രത്തിൽ നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക ഇൻവോയിസ് നം.321000101119/14.12.19
7	21900923/22.01.20	10,710	മരാമത്ത് പ്രവൃത്തികളുടെ പരസ്യം മാതൃഭൂമി ദിനപത്രത്തിൽ നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക ഇൻവോയിസ് നം.321000098254/07.12.19
8	21900869/16.01.20	8190	ഐ സി ഡി എസ് ,മരാമത്ത് പ്രവൃത്തികളുടെ പരസ്യം ചന്ദ്രിക ദിനപത്രത്തിൽ നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക ബിൽ നം. 46659/15.11.19 - 2730 ബിൽ നം. 46506/31.10.19 - 2730 ബിൽ നം. 46507/31.10.19 - 2730
9	21901283/19.03.20	25,704	പരസ്യം മാതൃഭൂമി ദിനപത്രത്തിൽ നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക ഇൻവോയിസ് നം.3210001230909/09.02.20- 6426 ഇൻവോയിസ് നം.321000118150/26.01.20- 6426 ഇൻവോയിസ് നം.321000127893/21.02.20- 6426

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി തീ.4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ബില്ലുകൾ പ്രകാരം നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കറവ് ചെയ്യാതെ മാധ്യമ സ്ഥാപനങ്ങൾ സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ചു നൽകുകയാണുണ്ടായത്.അപാകതയ്ക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/23.10.21)തുക ഈടാക്കുന്നതിന് കത്തു നൽകിയിട്ടുണ്ടെന്നും തുക ഈടാക്കി വിവരം ലഭ്യമാകുന്നതാണെന്നും അറിയിച്ചു. വിവരം ലഭ്യമാക്കേണ്ടതാണ്.

1-26 കുടിവെള്ള വിതരണം - ആദായ നികുതി ഈടാക്കിയില്ല.

2017 മെയ് മാസത്തിൽ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ സ.ഉ(സാധാ)നം. 3224/17/ ത.സ്വ.ഭ.വ തീ.06.10.2017 ഉത്തരവ് പ്രകാരം 10,20,554 രൂപ കൂടി തനത് ഫണ്ടിൽ നിന്നും അധികം വിതരണം ചെയ്യുവാൻ സർക്കാർ അനുമതി നൽകിയിരുന്നു. ഇതു സംബന്ധിച്ച് കോടതി ഉത്തരവുകൾ പ്രകാരം (ബഹു.കേരള ഹൈക്കോടതിയുടെ W.A No. 1090 Of 2019 തീ. 10.04.2019) ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ തുക നൽകിയ താഴെ പറയുന്നവരിൽ നിന്നും 1961 ലെ ഐ ടി ആക്റ്റ് സെക്ഷൻ 194 (സി) പ്രകാരം 1% ഐ ടി ഈടാക്കിയില്ല.

ക്രമ നം.	വൗച്ചർ നം./ തീയ്യതി	നൽകിയ തുക	വിതരണക്കാരന്റെ പേരും വിലാസവും

1	21900096/20.05.19	1,46,940	രതീഷ് സി എസ്, ചെല്ലതൊടിക, ചത്തല്ലൂർ
2	21900097/20.05.19	47,036	റനീഷ് വി പി, വലിയപീടിയക്കൽ, ഒതായി
3	21900098/20.05.19	94,776	സൈഫുദ്ദീൻ എസ്, ബോബിയക്കൽ വീട്, എരഞ്ഞിക്കോട്
4	21900099/20.05.19	48240	ധനശേഖരൻ, വലിയപുരക്കൽ, പാണ്ടിയാട്
5	21900100/20.05.19	1,14,916	ഇ ഉമ്മർ, ഇംഗ്ലംപുറത്ത്, ഐഞ്ചൂർ, എടവണ്ണ
6	21900101/20.05.19	1,60,200	പ്രജീത്ത്, ഓട്ടുപാറ, വടശ്ശേരി, പന്നിപ്പാറ
7	21900102/20.05.19	1,75,400	രാജൻ ഓട്ടുപാറ
8	21900103/20.05.19	1,53,480	നിഷാദ് വളപ്പിൽ, കോടശ്ശേരി
9	21900107/20.05.19	30,840	ഉണ്ണികൃഷ്ണൻ, കരുണാകരപ്പറമ്പിൽ, ചത്തല്ലൂർ

മേൽ വ്യക്തികളിൽ നിന്നും 1961 ലെ ഐ ടി ആക്റ്റ് സെക്ഷൻ 194 (സി) പ്രകാരം ഐ ടി ഈടാക്കി, അടവാക്കി വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8/25.10.21)

1-27 ആർജ്ജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു.

ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി മിനി കെ കെ യ്ക്ക് (അടിസ്ഥാന ശമ്പളം -36,600 രൂപ (36,600-65,400)) താഴെ പറയും പ്രകാരം 2019-20 വർഷത്തിൽ ആർജ്ജിതാവധി സറണ്ടർ അനുവദിച്ച നൽകിയിട്ടുണ്ട്.

വൗച്ചർ നം. / തീയ്യതി	നൽകിയ തുക
21900915/20.01.2020	22,247 (09.01.19 മുതൽ 31.01.19 വരെ കാലയളവിൽ- 23 ദിനങ്ങൾ)
21900916/20.01.2020	20,972(01.02.19 മുതൽ 13.02.19 വരെ കാലയളവിൽ)-13 ദിനങ്ങൾ)
ആകെ	**43,219**

ഒരു സാമ്പത്തിക വർഷത്തിൽ 30 എണ്ണം ആർജ്ജിതാവധിയാണ് സറണ്ടർ ചെയ്യാവുന്നത്. ആയതിന് പകരം 36 ദിവസത്തെ ആർജ്ജിതാവധിയാണ് സറണ്ടർ ചെയ്തിട്ടുള്ളത്. ആറു ദിവസത്തെ അധിക തുക (9680 രൂപ) തിരിച്ചടവാക്കേണ്ടതാണ്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം. 4/23.10.21) തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു.

1-28 കുടിവെള്ള പദ്ധതി റിപ്പയർ- നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്റ്റ് നം. 356/20

കാലവർഷക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങൾ

വിനിയോഗിച്ച തുക – 1,02,568 രൂപ (തനത് ഫണ്ട്)

വൗച്ചർ നം./തീയ്യതി - 21901311/23.03.2020

നിർവ്വഹണം - സെക്രട്ടറി

എടവണ്ണ കുടിവെള്ള പദ്ധതിയുടെ റിപ്പയർ പ്രവൃത്തിയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. 2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയം മൂലം കേടുവന്ന എടവണ്ണ കുടിവെള്ള പദ്ധതിയുടെ ഇലക്ട്രിക് ഭാഗത്തെയും പ്ലംബിംഗ് ഭാഗത്തെയും കേടുപാടുകൾ തീർക്കുവാനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ക്വട്ടേഷൻ മുഖേന കുറഞ്ഞ തുക ക്വാട്ട് ചെയ്ത കെ ആർ ഇലക്ട്രിക്കൽ വർക്ക്സ്, ചന്തക്കുന്ന്, നിലമ്പൂർ എന്ന സ്ഥാപനമാണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പ്രവൃത്തി നിർവ്വഹണം നടത്തിയ ശ്രീ.റിയാസ്, കെ ആർ ഇലക്ട്രിക്കൽ വർക്ക്സ്, ചന്തക്കുന്ന്, നിലമ്പൂർ സ്ഥലം സന്ദർശിച്ച് തയ്യാറാക്കി നൽകിയ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലാണ് 26.08.19 തീയ്യതിയിലെ എ1-6605/2019 നം ക്വട്ടേഷൻ തയ്യാറാക്കിയിട്ടുള്ളത്. നാശനഷ്ടത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ ലഭ്യമായ സാങ്കേതിക വിഭാഗത്തിന്റെയോ, സർക്കാർ തലത്തിൽ ലഭ്യമായ മറ്റു സാങ്കേതിക വിദഗ്ദരുടെയോ സേവനം ഗ്രാമപഞ്ചായത്ത് തേടുകയോ, ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2)മതിപ്പു ചെലവ് 1,00,000 രൂപക്ക് മുകളിൽ കണക്കായിട്ടുള്ളതിനാൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ ജി ഒ (എം എസ്) നം. 259/2010/ ത.സ്വ.ഭ.വ തീ. 08.11.2010 പ്രകാരം ടെണ്ടർ മുഖേനയാണ് പ്രവൃത്തി നിർവ്വഹണത്തിന് സ്ഥാപനത്തെ തെരെഞ്ഞെടുക്കേണ്ടത്. എന്നാൽ ക്വട്ടേഷൻ മുഖേനയാണ് സ്ഥാപനത്തെ തെരെഞ്ഞെടുത്തിട്ടുള്ളത്.

3)കൂടാതെ, പ്രവൃത്തി നിർവ്വഹിച്ചത് സംബന്ധിച്ചും യാതൊരുവിധ മൂല്യനിർണ്ണയവും നടത്തിയിട്ടില്ല. വാറണ്ടി ഉറപ്പാക്കുയോ, ഉടമ്പടി വെയ്ക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി നിർവ്വഹിച്ച സ്ഥാപനത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

4)ഐ ടി ആക്റ്റ് 1961 സെക്ഷൻ 194 (സി) പ്രകാരമുള്ള 1% ഇൻകം ടാക്സ്, കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1% എന്നിവ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്.

5) 30-05-2009 -ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്ത കുടിവെള്ള സ്കീമുകളെ സംബന്ധിച്ചിടത്തോളം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെങ്കിൽ ആയത് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും തുടർന്ന് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറാൻ സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും ആയത് പാലിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.9/25.10.21) മറുപടിയിൽ ഇൻകം ടാക്സ്, കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറ്റു അപാകതകൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം ലഭിച്ച ശേഷം ഓഡിറ്റ് മുമ്പാകെ ബോധിപ്പിക്കുന്നതാണെന്നും അറിയിച്ചു.

1-29 ശമ്പള ബിൽ- അവധി ശമ്പളം രേഖപ്പെടുത്തിയില്ല

വൗച്ചർ നം. 21900837/1-1-2020 പ്രകാരം ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ 12/2019 മാസത്തെ ശമ്പളം മാറിയിട്ടുണ്ട്. എന്നാൽ, ഹാജർ പുസ്തകം പരിശോധിച്ചപ്പോൾ ശ്രീ. ഷാജഹാൻ.എ, അക്കൗണ്ടന്റ് 2019 ഡിസംബർ മാസത്തിലെ 07.12.2019, 13.12.2019, 21.12.2019 എന്നീ ദിനങ്ങളിൽ കമ്മ്യൂട്ടഡ് അവധിയിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ശമ്പള ബില്ലിൽ ലീവ് സാലറി രേഖപ്പടുത്തിയിട്ടില്ലെന്ന് കണ്ടു. സേവന പുസ്തകത്തിൽ ടിയാന്റെ ലീവ് അക്കൗണ്ട് വിശദാംശങ്ങൾ പരിശോധിച്ചതിൽ, പ്രസ്തുത ദിനങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആർജ്ജിതാവധി കണക്കാക്കിയത് മേൽ ദിനങ്ങൾ കുറവു ചെയ്യാതെയാണെന്ന് വ്യക്തമായി. കൂടാതെ, ഹാഫ് പേ ലീവ് അക്കൗണ്ടിലും വിവരം ചേർത്തിട്ടില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം.15/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 എസ് ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും പഠനോപകരണങ്ങളും പദ്ധതി - രേഖകളിലെ അപാകതകൾ

പ്രോജക്റ്റ് നം.213/20

എസ് ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും പഠനോപകരണങ്ങളും

വിനിയോഗിച്ച തുക – 1,77,600 രൂപ (പ്ലാൻ - ടി എസ് പി)

ബിൽ നം. 3/19-20/22.05.19

നിർവ്വഹണം - ഹെഡ് മാസ്റ്റർ, ജി എൽ പി എസ് ചെമ്പകുത്ത്

പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ആറ് വിദ്യാർത്ഥികൾക്ക് KELTRON തിരുവനന്തപുരം മുഖേന ലാപ്ടോപ് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I) പട്ടികവർഗ്ഗ വകുപ്പു മുഖേനയും സമാനമായ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനാൽ, പട്ടികവർഗ്ഗ വകുപ്പു മുഖേന ഗുണഭോക്താക്കൾക്ക് ആർക്കും ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന പ്രസ്തുത വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലിൽ

ഇല്ല. (സബ്സിഡിമാർഗ്ഗരേഖ ജി ഒ (എം എസ്)നം.22/2018/ത.സ്വ.ഭ.വ തീ.14.12.2018, ഖണ്ഡിക 7.2.8)

Ii) സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം.22/2018/ത.സ്വ.ഭ.വ തീ.14.12.2018 7.2.8 പ്രകാരം സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നത്. എന്നാൽ ശ്രീശ്യ (കൊളപ്പാടൻ വീട്, പെരകമണ്ണ), അനന്ദു (ചോലറ വീട്, കിഴക്കേചാത്തല്ലൂർ) എന്നീ ഗുണഭോക്താക്കളുടെ ആനുകൂല്യത്തിനുള്ള അപേക്ഷയിൽ സാക്ഷ്യപത്രം എന്ന കോളത്തിൽ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആയതിൽ പഠിക്കുന്ന വർഷം രേഖപ്പെടുത്തിയിട്ടില്ല. കോഴ്സ് സംബന്ധിച്ച് മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ (പഠിതാവിന്റെ പേര്, അഡ്മിഷൻ നമ്പർ, പഠിക്കുന്ന വർഷം, കോഴ്സിന്റെ പേര് തുടങ്ങിയവ) സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രമാണ് ലഭ്യമാക്കേണ്ടിയിരുന്നത്.

Iii)ഗുണഭോക്താക്കളായ ആതിര സി (D/O ചെറിയരാമൻ, ചോലറ വീട്, കിഴക്കേ ചാത്തല്ലൂർ (പി ഒ)), സാന്ദ്ര സി (D/O ചന്ദ്രൻ സി,ചോലറ വീട്, കിഴക്കേ ചാത്തല്ലൂർ (പി ഒ))എന്നിവർ പാരലൽ കോളേജിൽ പഠിച്ചു കൊണ്ടിരുന്ന വിദ്യാർത്ഥികളുടെ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കേണ്ടതാണ്. (സബ്സിഡിമാർഗ്ഗരേഖ ജി ഒ (എം എസ്)നം.22/2018/ത.സ്വ.ഭ.വ തീ.14.12.2018, 7.2.9)

അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച 1,77,600 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-31 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.214/20

എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും പഠനോപകരണങ്ങളും

വിനിയോഗിച്ച തുക – 13,02,400 രൂപ(പ്ലാൻ - എസ് സി പി)

ബിൽ നം.1/19-20/23.05.19

നിർവ്വഹണം - ഹെഡ് മാസ്റ്റർ, ജി എൽ പി എസ് ചെമ്പകുത്ത്

പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട 44 വിദ്യാർത്ഥികൾക്ക് KELTRON തിരുവനന്തപുരം മുഖേന ലാപ്ടോപ് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

I) പട്ടികജാതി വകുപ്പു മുഖേനയും സമാനമായ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനാൽ, പട്ടികജാതി വകുപ്പു മുഖേന ഗുണഭോക്താക്കൾക്ക് ആർക്കും ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന പ്രസ്തുത വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലിൽ ഇല്ല. (സബ്സിഡിമാർഗ്ഗരേഖ ജി ഒ (എം എസ്)നം.22/2018/ത.സ്വ.ഭ.വ തീ.14.12.2018, 7.2.8)

Ii) സബ്സിഡിമാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.22/2018/ത.സ്വ.ഭ.വ തീ.14.12.2018 7.2.8 പ്രകാരം സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നത്. എന്നാൽ മുഴുവൻ ഗുണഭോക്താക്കളുടെയും ആനുകൂല്യത്തിനുള്ള അപേക്ഷയിൽ സാക്ഷ്യപത്രം എന്ന കോളത്തിൽ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആയതിൽ പഠിക്കുന്ന വർഷം, രേഖപ്പെടുത്തിയിട്ടില്ല. കോഴ്സ് സംബന്ധിച്ച് മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ (പഠിതാവിന്റെ പേര്, അഡ്മിഷൻ നമ്പർ, പഠിക്കുന്ന വർഷം, കോഴ്സിന്റെ പേര്, തുടങ്ങിയവ) സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രമാണ് ലഭ്യമാക്കേണ്ടത്.

Iii)രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	അപാകതകൾ
1	നയന പി പി, പുതുപൊയിൽ, എരഞ്ഞിക്കോട്, കുണ്ടുതോട്	സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഇല്ല.
2	ഗ്രീഷ്മ പരമേശ്വരൻ, പാമ്പാടി വീട്,	നെഴ്സിംഗ് വിദ്യാർത്ഥിനി, നജാത്ത് കോളേജ്, ആലുവ - യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

	മുണ്ടേങ്ങര, എടവണ്ണ(പി ഒ)	
3	നിഷ്‌വിൻ, വെള്ളാമ്പുറം വീട്, എരഞ്ഞിക്കോട് എടവണ്ണ(പി ഒ)	എസ്. സി. സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
4	അതുല്യ, കറുത്തോടൻ വീട്, എരഞ്ഞിക്കോട്, ചളിപ്പാടം	എസ്. സി. സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
5	അനശ്രീ, കലയന്തിയിൽ വീട്, പത്തപ്പിരിയം	പാരലൽ കോളേജിൽ പഠിച്ച കൊണ്ടിരുന്നതിനാൽ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.
6	ധന്യ എം ഒ, ഓലിക്കൽ വീട്, പത്തപ്പിരിയം, നെല്ലാണി	എസ്. സി. സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
7	വിജിഷ, കലന്തിയിൽ വീട്, പത്തപ്പിരിയം വായനശാല	പാരലൽ കോളേജിൽ പഠിച്ച കൊണ്ടിരുന്നതിനാൽ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ച ഉള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.
8	റെഹില കൃഷ്ണൻ, ചെരങ്ങാട്ടുപൊയിൽ വീട്, പത്തപ്പിരിയം	പാരലൽ കോളേജിൽ പഠിച്ച കൊണ്ടിരുന്നതിനാൽ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.
9	നിതിൻ കൃഷ്ണൻ, വലിയതൊടി വീട്, പത്തപ്പിരിയം.	ഡിപ്ലോമ ഇൻ ഐ ടി ഇൻഫ്രാസ്ട്രക്ച്ചർ മാനേജ്മെന്റ് സർവ്വീസ്, സി എസ് ഡി കാമ്പസ്, പെരിന്തൽമണ്ണ. -യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
10	നിഷ എൻ, നറുക്കിൽ വീട്, കൊങ്ങംപാറ, പന്നിപ്പാറ	പാരലൽ കോളേജിൽ പഠിച്ച കൊണ്ടിരുന്നതിനാൽ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.
11	ബിൻസി എസ്, സാലിഗ്രാമത്തിൽ, പന്നിപ്പാറ	പാരലൽ കോളേജിൽ പഠിച്ച കൊണ്ടിരുന്നതിനാൽ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.
12	ജിൻസി ഗോപാൽ, മേലാളി വീട് കല്ലിട്ടുമ്പ്, എടവണ്ണ	ജനറൽ നേഴ്സിംഗ്,കെ പി എം സ്കൂൾ ഓഫ് നെഴ്സിംഗ്, മലപ്പുറം – യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
13	വിജേഷ് പി കെ, കൊടിഞ്ഞാറുപൊയിൽ, ഒതായി, പെരകമണ്ണ	പാരലൽ കോളേജിൽ പഠിച്ച കൊണ്ടിരുന്നതിനാൽ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.
14	ആൻസി പി കെ, പെരുങ്കായി, പെരകമണ്ണ	പാരലൽ കോളേജിൽ പഠിച്ച കൊണ്ടിരുന്നതിനാൽ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയക്കും (നം. 14/26.10.21) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 13,02,400 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-32 കുന്നമ്മൽ അംഗനവാടിക്ക് വാടക – അധികതുക നൽകി

2019-20 വർഷത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഗ്രാമപഞ്ചായത്തിലെ കുന്നമ്മൽ അംഗനവാടിക്ക് (സി നം. 102) വൗച്ചർ നം. 21900357/07.08.2019 പ്രകാരം 31,920 രൂപ 01.04.2017 മുതൽ 31.03.2019 വരെ കെട്ടിടത്തിന്റെ വാടക ഇനത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. 24 മാസത്തേക്ക് പ്രതിമാസം 1330 രൂപ നിരക്കിലാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.09.19 ലെ 5(11) നം. തീരുമാനപ്രകാരം തുക അനുവദിച്ച് നൽകിയത്.

വിശദാംശങ്ങൾ പരിശോധിച്ചതിൽ 750 രൂപ ഐ സി ഡി എസ് പ്രോജക്റ്റിൽ നിന്നും ബന്ധപ്പെട്ട വകുപ്പ് മുഖേന ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമായി. കെട്ടിടത്തിന് 2500 രൂപയാണ് യഥാർഥ വാടക എന്നും അവശേഷിച്ച 1330 രൂപ നൽകണമെന്ന് കാണിച്ച് അംഗനവാടി വർക്കർ നൽകിയ അപേക്ഷ പരിഗണിച്ച് വാടക നൽകുന്നതിനായി കെട്ടിട വാടക തിട്ടപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയതിൽ പ്രകാരം, അസി.എഞ്ചിനീയർ പരിശോധിച്ച് നൽകിയ റിപ്പോർട്ടിൽ (നം.A1/AE/Edv/18-19 തി.24.05.2019) കെട്ടിടത്തിന് പ്രതിമാസം 1330 രൂപ വാടകയാണ് നിശ്ചയിച്ചിട്ടുള്ളത്. കെട്ടിടത്തിന് 01.04.2017 മുതൽ 2500 രൂപ വാടക നിശ്ചയിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല. അസി. എഞ്ചിനീയർ നിശ്ചയിച്ചതിൽ പ്രകാരം 1330 രൂപയിൽ 750 രൂപ ബന്ധപ്പെട്ട വകുപ്പ് മുഖേന നൽകി വരുന്നുണ്ടെന്നിരിക്കെ, ബാക്കി തുകയായ 580 രൂപ (1330-750) അനുവദിച്ച് നൽകേണ്ടതിന് പകരം 1330 രൂപ മുഴുവനായി നൽകിയത് എപ്രകാരമെന്നും അതുവഴി 18,000 രൂപ (580x24= 13,920-31920) അധികമായി അനുവദിച്ചത് എപ്രകാരമെന്നും വ്യക്തമല്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 16/26.10.21) മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-33 എടവണ്ണ കുടിവെള്ളപദ്ധതിയുടെ കിണറിലെ ചെളി നീക്കൽ പ്രവൃത്തി- അപാകതകൾ

വൗച്ചർ നം. 21900536/04.10.2019 പ്രകാരം 62,000 രൂപ 2019-20 വർഷത്തിൽ എടവണ്ണ കുടിവെള്ളപദ്ധതിയുടെ കിണറിൽ പ്രളയത്തെ തുടർന്ന് ചെളി അടിഞ്ഞു കൂടിയതിനെ തുടർന്ന് ചെളി നീക്കം ചെയ്യുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ പരിശോധിച്ചതിൽ, 50 ക്യൂബിക് മീറ്ററോളം ചെളി നീക്കം ചെയ്യുന്നതിന് 19.09.2019 ന് ചന്ദ്രിക ദിനപത്രത്തിൽ ക്വട്ടേഷൻ പരസ്യം നൽകിയതിലും (ക്വട്ടേഷൻ നം. വ്യക്തമല്ല. തീയ്യതി 24.09.2019) വില്ലേജ് ഓഫീസ് എടവണ്ണ, പെരകമണ്ണ, ട്രഷറി, കൃഷി ഓഫീസ് എന്നിവിടങ്ങളിൽ നോട്ടീസ് പ്രദർശിപ്പിച്ചതിലും പ്രകാരം, സൈഫുദ്ദീൻ, പയ്യുണ്ണി വീട്, മുണ്ടേങ്ങര, എടവണ്ണ എന്നയാളുടെ ഒരു ക്വട്ടേഷൻ ലഭിക്കുകയും, പ്രവൃത്തി പൂർത്തീകരിച്ചുവെന്ന പമ്പ് ഓപ്പറേറ്ററുടെ റിപ്പോർട്ടിൽ പ്രകാരം തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ അടിയന്തിര പ്രധാന്യം കണക്കിലെടുത്ത് പ്രോജക്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടില്ല. പ്രവൃത്തി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കിണറിൽ അടിഞ്ഞു കൂടിയ ചെളി നീക്കം ചെയ്യുന്നതിനു മുൻപ് എത്ര ക്യൂബിക് മീറ്ററോളം ചെളി നീക്കം ചെയ്യാനുണ്ടെന്ന് ഗ്രാമപഞ്ചായത്തിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥൻ മുഖേന തിട്ടപ്പെടുത്തുകയോ, പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. 50 ക്യൂബിക് മീറ്ററോളം ചെളി നീക്കം ചെയ്യാനുണ്ടെന്ന് കണക്കാക്കിയത് എപ്രകാരമെന്ന് വ്യക്തമല്ല.

2)എത്ര ക്യൂബിക് മീറ്റർ ചെളി നീക്കം ചെയ്തിട്ടുണ്ടെന്നും, അതിന് നിരക്ക് നിശ്ചയിച്ചത് എപ്രകാരമെന്നും വ്യക്തമല്ല. സൈഫുദ്ദീൻ, പയ്യുണ്ണി സമർപ്പിച്ച ക്വട്ടേഷനിൽ 62,000 രൂപക്ക് പ്രവൃത്തി ചെയ്യാമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുക നൽകുന്നതിനു മുൻപ് പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധച്ച് പരിശോധനയും നടത്തിയിട്ടില്ല.

3)ഫൈനൽ ബില്ലിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട 1% ഐ ടി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവയും കുറവു വരുത്തിയിട്ടില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.17/26.10.2021) മറുപടിയിൽ പ്രവൃത്തിയുടെ അടിയന്തിര പ്രധാന്യം കണക്കിലെടുത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ചെയ്തത് എന്നും, ഫൈനൽ ബില്ലിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട 1% ഐ ടി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും വിവരം തേടിയ ശേഷം മറുപടി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-34 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ -പ്രവർത്തന വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം. 336/20

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂനിറ്റിലേക്ക് വൈദ്യുതി ലൈൻ വലിക്കലും, ട്രാൻസ്ഫോർമർ സ്ഥാപിക്കലും

വിനിയോഗിച്ച തുക – 8,45,234 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 21900606/28.10.2019

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 8,45,234 രൂപ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂനിറ്റിലേക്ക് വൈദ്യുതി ലൈൻ വലിക്കലും, ട്രാൻസ്ഫോർമർ സ്ഥാപിക്കലും ഇനത്തിൽ 2019-20 വർഷത്തിൽ തനത്ഫണ്ടിൽ നിന്നും അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂനിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുള്ള (നം.32/30.10.21) മറുപടിയിൽ യൂനിറ്റിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണെന്ന വിവരം ലഭ്യമാക്കി. യൂനിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-35 തനത്ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2019-20 വർഷത്തിൽ തനത്ഫണ്ട് ചെലവുകളുടെ താഴെ പറയുന്ന വൗച്ചറുകൾ പരിശോധനയക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ക്രമ നം.	വൗച്ചർ നം./തീയതി	തുക
1	21900358/7-08-19	2500
2	21900359/7-08-19	2500
3	21900360/7-08-19	10,000
4	21900361/7-08-19	1075
5	21900362/7-08-19	2500
6	21900363/7-08-19	5000
7	21900364/7-08-19	5000
8	21900365/7-08-19	7500
9	21900366/7-08-19	7500
10	21900367/7-08-19	5000
11	21900045/30-04-19	60000
12	21900049/30-04-19	179
13	21900063/04-05-19	51345
14	21900064/4-05-19	281577
15	21900065/4-05-19	19429
16	21900081/8-05-19	18500
	ആകെ	4,79,605

(ഓഡിറ്റ് എൻക്വയറി നം. 36/30.10.21)

ആയത് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 36/30-10-21) മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക 4,79,605 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-36 വനിതാ വ്യായാമശാല പ്രവർത്തിക്കുന്നില്ല.

പ്രോജക്ട് നം.225/20

വനിതാ വ്യായാമശാല സജ്ജീകരണം (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 3,04,000 രൂപ (പ്ലാൻ -ജനറൽ)

ബിൽ നം. 1/19-20/27.04.19

പദ്ധതി പ്രകാരം, ടെണ്ടർ മുഖേന ടു മെൻസ് സൊല്യൂഷൻസ്, എടവണ്ണ എന്ന സ്ഥപനത്തിൽ നിന്നും താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

ഉപകരണം	**എണ്ണം**
Dumbal	3
Treadmill(Motorised)	2
Treadmill (Mannual)	1
Gymball 85 Cm	3
Spin Bike	4
Fit Massager	1
Twister Metal Type	1
AB Massage	2

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 16.10.2018 ലെ യോഗത്തിലെ 4-7 നം. തീരുമാനപ്രകാരം അനുമതി നേടിയെടുത്ത ശേഷം നടപ്പിലാക്കിയതാണ് ഈ പദ്ധതി. 27.10.2021 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ ഉപകരണങ്ങൾ കേടുപാടുകൾ കൂടാതെ ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെയുള്ള കെട്ടിടത്തിൽ (വ്യായാമശാല പ്രവർത്തിച്ചിരുന്നയിടം) സ്ഥിതിചെയ്യുന്നത് നേരിൽ കണ്ടു ബോധ്യപ്പെട്ടു. നിലവിൽ വ്യായാമശാല പ്രവർത്തിയ്ക്കുന്നില്ല. ഗ്രാമപഞ്ചായത്തിന് നാളിതുവരെയും ഈ ഇനത്തിൽ വരുമാനമൊന്നും ലഭിച്ചിരുന്നില്ലെന്നും ബോധ്യപ്പെട്ടു.

വിശദാംശങ്ങൾ പരിശോധിച്ചതിൽ, 01.08.2018 മുതൽ വ്യായാമശാല പ്രവർത്തിയ്ക്കുന്നതായും, 2019-20 വർഷത്തിൽ 12/2020 വരെ പ്രവർത്തിച്ചിരുന്നതായി ബോധ്യപ്പെട്ടു. ആയതിന്റെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിലെ സി ഡി എസിനെ ഏൽപ്പിച്ചിരുന്നതായും, അംഗങ്ങളിൽ നിന്നും അംഗത്വഫീസ് ഈടാക്കിയിരുന്നതായും ബോധ്യപ്പെട്ടു. വനിതാ ഹെൽത്ത് ക്ലബ് എടവണ്ണ ഗ്രാമ പഞ്ചായത്ത് എന്ന പേരിൽ (ശ്രീമതി റസിയാ ബഷീർ, ശ്രീമതി.റംല സുബൈർ എന്നിവർ സംയുക്തമായി കൈകാര്യം ചെയ്യാവുന്ന തരത്തിലുള്ളത്) എടവണ്ണ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലുള്ള EAD0020070012653 നം.അക്കൗണ്ടിൽ 27.11.2019 ന് 50,800 രൂപ നീക്കിയിരിപ്പുണ്ട്. വ്യായാമശാലയുടെ പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വ്യായാമശാലയുടെ പ്രവർത്തനം സി ഡി എസിനെ ഏൽപ്പിച്ചതു സംബന്ധിച്ച ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തതിന്റെ /സി ഡി എസുമായി ഇതു സംബന്ധിച്ച ഉടമ്പടി വെച്ചതായി വിവരമില്ല. എപ്രകാരമാണ് സി ഡി എസ് നെ വ്യായാമശാലയുടെ പ്രവർത്തനം ഏൽപ്പിച്ചതെന്ന് വ്യക്തമാക്കേണ്ടതാണ്.

2) വ്യായാമശാലയിൽ വളരെ പരിമിതമായ അംഗങ്ങളാണ് ഉണ്ടായിരുന്നത്. വ്യായാമശാലയിൽ അംഗത്വം ലഭിയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ, വരുമാനം എപ്രകാരം വിനിയോഗിയ്ക്കണം എന്നതു സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കുന്ന ബൈലോ തയ്യാറാക്കിയിട്ടില്ല.

3) 2018-19 വർഷത്തിൽ 4,00,000 രൂപ മുടക്കി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആയവ സംബന്ധിച്ച് വ്യക്തമായ വിവരം ലഭിച്ചിട്ടില്ല. മൊത്തം 7,00,000 രൂപയുടെ സാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിലും, ആയവ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. 4,00,000 രൂപ ഇൻവോയിസ് പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ കൃത്യമായ സ്റ്റോക്ക് പരിശോധന സാധ്യമായിട്ടില്ല. ആയത് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/28.10.21) കോവിഡ് കാരണമാണ് പ്രവർത്തിയ്ക്കാതിരിക്കുന്നത് എന്നും, മറ്റു പരാമർശങ്ങളിൽ വിശദാംശങ്ങൾ തേടിയ ശേഷം മറുപടി സമർപ്പിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-37 തനത് ഫണ്ട് ചെലവുകൾ - രേഖകൾ ലഭ്യമാക്കേണ്ടതാണ്

2019-20 വർഷത്തിൻ സെക്രട്ടറി നടത്തിയ തനത് ഫണ്ട് ചെലവുകൾ സംബന്ധിച്ച താഴെ പറയുന്ന രേഖകൾ/ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നം. 10/25.10.21) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക (1 മുതൽ 7 വരെ)4,54,197 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-37-1 ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം./ തീയ്യതി/ തുക	ചെലവിന്റെ വിശദാംശങ്ങൾ	റിമാർക്സ്
1	21900023/05.4.19 -10,374 രൂപ 21900024/05.4.19 -10,374 രൂപ	ജീവനക്കാരുടെ എൻ പി എസ് - സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും വിഹിതം അടവാക്കിയത് -3/19	തുക അടവാക്കിയതിന്റെ വിവരം
2	21900090/08.05.2019 - 10,824 രൂപ 21900090/08.05.2019 - 10,824 രൂപ	ജീവനക്കാരു എൻ പി എസ് - സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും വിഹിതം അടവാക്കിയത് – 4/19	തുക അടവാക്കിയതിന്റെ വിവരം
3	I)21900084/08.05.2019 - 19000 രൂപ Ii)21900085/08.05.2019 - 74,110 Iii)21900086/08.05.2019 - 5575 Iv)21900087/08.05.2019 - 4900 V)21900088/08.05.2019 - 43,481 Vi)21900089/08.05.2019 - 11,264 Vii)21900090/08.05.2019 - 10,824 Viii)21900091/08.05.2019 - 10,824 Ix)21900091/20.05.2019 - 8640	-ജീവനക്കാരുടെ ജി പി എഫ് വിഹിതം 4/19 - ജീവനക്കാരുടെ KPEPF വിഹിതം 4/19 -ജീവനക്കാരുടെ SLIവിഹിതം 4/19 - ജീവനക്കാരുടെ GISവിഹിതം 4/19 - ജീവനക്കാരുടെ പെൻഷൻ കോൺട്രീബ്യൂഷൻ വിഹിതം 4/19 - ജീവനക്കാരുടെ LIC വിഹിതം 4/19 -ജീവനക്കാരുടെ എൻ പി എസ് - സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും വിഹിതം അടവാക്കിയത് - 5 ജീവനക്കാരുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന	തുക അടവാക്കിയതിന്റെ വിവരം
4	21900239/03.07.2019 -11,687 രൂപ 21900238/03.07.2019 -11,687 രൂപ	ജീവനക്കാരുടെ എൻ പി എസ് - സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും വിഹിതം അടവാക്കിയത് -06/19	തുക അടവാക്കിയതിന്റെ വിവരം.
5	21900240/03.07.2019 -8,640 രൂപ	5 ജീവനക്കാരുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന -06/19	തുക അടവാക്കിയതിന്റെ വിവരം.
6	21900241/03.07.2019 -8,640 രൂപ	5 ജീവനക്കാരുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന -05/19	തുക അടവാക്കിയതിന്റെ വിവരം.

7	21900765/05.12.2019 - 7,374 രൂപ	ജീവനക്കാരുടെ എൻ പി എസ് വിഹിതം അടവാക്കിയത് -11/19	തുക അടവാക്കിയതിന്റെ വിവരം. കൂടാതെ സ്ഥാപനത്തിന്റെ വിഹിതം അടവാക്കിയതിന്റെ വിവരം

<u>1-37-2 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് തുക നൽകിയത്/ തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് സൂപ്പർവിഷൻ ചാർജ്- പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.</u>

ക്രമ നം.	വൗച്ചർ നം./ തീയ്യതി/ തുക	ചെലവിന്റെ വിശദാംശങ്ങൾ	റിമാർക്സ്
1	21900475/28.06.2019 - 9254രൂപ	ചീനിയപ്പുറം എസ് സി കോളനി ഫുട്പാത്ത് - ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക	പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം
2	21900125/20.05.2019 - 10,000 രൂപ	കോട്ടകുന്ന് കുടിവെള്ളപദ്ധതിയ്ക്കായി വൈദ്യുതി ലൈൻ വലിക്കുന്നതിന് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക	ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയ, വൈദ്യുതി കണക്ഷൻ ലഭ്യമായ പദ്ധതിയ്ക്കായി വീണ്ടും തുക നൽകിയത് എപ്രകാരമെന്ന് വ്യക്തമല്ല.
3	21900587/21.10.2019 - 9839 രൂപ	ചെമ്പകുത്ത് വാർഡിൽ ഒറ്റപ്പോക്ക് - പത്തിരിയാൽ റോഡിൽ ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക	പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം
4	21900806/18.12.2019 - 18,000 രൂപ	വയലൂലി - വെള്ളാരം കുന്ന് റോഡ് -ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക	പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം
5	21901061/15.02.20 -10,000 രൂപ	മുണ്ടേങ്ങര – അമ്പലവയൽ റോഡിലുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക	പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം
	21901307/23.03.2020 - 9351 രൂപ	കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് 376 എൽ	പദ്ധതി നടപ്പിലാക്കിയതിന്റെ

		ഇ ഡി ബൾബുകൾ സ്ഥാപിക്കുന്നതിന് സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ നൽകിയ തുക	വിവരം
6	21901308/23.03.2020 - 1647 രൂപ	കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ എടവണ്ണക്ക് 376 എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കുന്നതിന് അപേക്ഷാഫീസ് ഇനത്തിൽ നൽകിയ തുക	പദ്ധതി നടപ്പിലാക്കിയതിന്റെ വിവരം

1-37-3 മരങ്ങൾ ലേലം ചെയ്തില്ല.

ക്രമ നം.	വൗച്ചർ നം./തീയ്യതി/ തുക	ചെലവിന്റെ വിശദാംശങ്ങൾ	റിമാർക്സ്
1	21900042/29.04.2019 -4950 രൂപ	കൊളപ്പാട് എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ പുറമ്പോക്കിൽ നിന്നിരുന്ന തേക്ക് മരം ലേലം ചെയ്ത് മുറിച്ച മാറ്റിയതിന് ചെലവഴിച്ച തുക	തേക്ക് മരം ലേലം ചെയ്തതിന്റെ വിവരം
2	21900410/22.08.2019 -12,500 രൂപ	കല്ലിടുമ്പ്, അങ്ങാടികുന്ന് അംഗനവാടികൾക്ക് ഭീഷണിയായി നിൽക്കുന്ന അംഗനവാടി വളപ്പിലെ മരങ്ങൾ മുറിച്ച മാറ്റിയതിന് നൽകിയ തുക	മരം ലേലം ചെയ്തതിന്റെ വിവരം

1-37-4 സ്റ്റോക്ക്, ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല.

ക്രമ നം.	വൗച്ചർ നം./ തീയ്യതി/ തുക	ചെലവിന്റെ വിശദാംശങ്ങൾ	റിമാർക്സ്
1	21900700/15.11.2019 - 59,224 രൂപ	ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നും ഫോറങ്ങൾ, രജിസ്റ്ററുകൾ വാങ്ങിയത്	സ്റ്റോക്ക്, ഇഷ്യൂ വിവരങ്ങൾ
2	21900682/11.11.2019 - 7,900 രൂപ	ഗ്രാമപഞ്ചായത്തിന് വാക്വം ക്ലീനർ വാങ്ങിയത് നൽകിയ തുക	സ്റ്റോക്ക്, ഇഷ്യൂ വിവരം

1-37-5 ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ചെലവുകൾ- രേഖകൾ ലഭ്യമാക്കിയില്ല.

ക്രമ നം.	വൗച്ചർ നം./ തീയ്യതി/ തുക	ചെലവിന്റെ വിശദാംശങ്ങൾ	റിമാർക്സ്
1	21900200/12.06.2019 -15,580രൂപ	ഗ്രാമപഞ്ചായത്തിന്റെ KL-10-AV-5882 വാഹനത്തിന്റെ ഇൻഷ്യൂറൻസ് പുതുക്കി നൽകുന്നത് അനുവദിച്ച തുക	ഇൻഷ്യൂറൻസ് പുതുക്കിയതിന്റെ വിവരം
2	21900130/20.05.2019 - 1105 രൂപ	ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് (KL-10-AV-5882 വാഹനത്തിന്റെ)നടത്തുന്നതിനായി അസി .എക്സി.എഞ്ചിനീയർ പി ഡബ്ലിയു ഡി മെക്കാനിക്കൽ ഡിവിഷൻ കോഴിക്കോടിന് നൽകിയ തുക	ചെലവ് രേഖ ലഭ്യമാക്കണ്ടതാണ്.

1-37-6 പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

ക്രമ നം.	വൗച്ചർ നം./ തീയ്യതി/ തുക	ചെലവിന്റെ വിശദാംശങ്ങൾ	റിമാർക്സ്
1	21900809/18.12.2019 - 5805 രൂപ	ജില്ലാ ഓഫീസർ,ഗ്രൗണ്ട് വാട്ടർ ഡിപ്പോർട്ടുമെന്റ്, മലപ്പുറത്തിന് തുറന്ന കിണർ നിർമ്മിയ്ക്കുന്ന ഏഴുകളരി അംഗനവാടി, മുണ്ടേങ്ങര സ്റ്റേഡിയം, പത്തപ്പിരിയം ഗോവിന്ദൻകുട്ടിനായർ മെമ്മോറിയൽ മിനി സ്റ്റേഡിയം എന്നിവിടങ്ങളിൽ ഭൂജല സർവ്വേ നടത്തുന്നതിനായി നൽകിയ തുക	പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം

1-38 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നില്ല.

30-05-2009 -ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ കുടിവെള്ള പദ്ധതികൾ പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാണെന്നുറപ്പ് വരുത്തി, ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കണമെന്നും, തുടർന്നുള്ള നടത്തിപ്പും സംരക്ഷണവും പമ്പ് ഓപ്പറേറ്ററുടെ വേതനം, വൈദ്യുതിചാർജ്ജ് തുടങ്ങിയ ചെലവുകളും സമിതി വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറണമെന്ന് ഓഡിറ്റ് റിപ്പോർട്ടുകളിൽ നിരന്തരം ആവശ്യപ്പെട്ടിട്ടും നാളിത് വരെ ആയത് ഗുണഭോക്താക്തൃ സമിതിക്ക് കൈമാറിയതായി കാണുന്നില്ല. 2019-20 വർഷത്തിൽ എടവണ്ണ കുടിവെള്ള പദ്ധതിക്കായി താഴെപ്പറയും പ്രകാരം വിവിധ വൗച്ചറുകളിലായി ചെലവു നടത്തിയിട്ടുണ്ട്.

ഇനം	ചെലവഴിച്ച തുക	ആകെ വരവ് (വാർഷിക കണക്ക് പ്രകാരം)
വൈദ്യുതിചാർജ്	5,53,566	
പമ്പ് ഓപ്പറേറ്ററുടെ വേതനം	2,17,170	
മീറ്റർ റീഡറുടെ വേതനം	73,350	
റിപ്പയർ ചാർജ്	1,99,314	
മറ്റുള്ളവ (രശീതി ബുക്ക് പ്രന്റിംഗ്)	5400	
ആകെ	**10,48,800**	**2,93,925**

മേൽ ഉത്തരവ് പ്രകാരം, സ്കീമുകളിൽ നിന്നും വെള്ളക്കരമിനത്തിൽ ലഭിക്കുന്ന തുക നടത്തിപ്പ് - മെയിന്റനൻസ് ചെലവുകൾക്ക് തികയാതെ വരികയാണെങ്കിൽ ബാക്കി തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്. ഇപ്രകാരം അധിക തുക വഹിക്കുന്നതിന് തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്/മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ആവശ്യമെങ്കിൽ വെള്ളക്കരത്തിന്റെ നിരക്കുകൾ നിലവിലുള്ള ചട്ട പ്രകാരം പരിഷ്കരിക്കാവുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വരവും ചെലവും തമ്മിൽ ഭീമമായ അന്തരമാണുള്ളത്. കുടിവെള്ളപദ്ധതിയിൽ നിന്നുള്ള വരവ് വിവരം പരിശോധിച്ചതിൽ ആകെ 630 എണ്ണം ഗുണഭോക്താക്കൾ ഉള്ളതിൽ കുടിശ്ശിക വരുത്തിയ നിരവധി ഗുണഭോക്താക്കൾ നിലവിലുണ്ട്. അവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. വെള്ളക്കരമിനത്തിൽ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിലില്ല. 15 യൂനിറ്റ് വരെ 80 രൂപയും തുടർന്നുള്ള ഓരോ യൂനിറ്റിനും 10 രൂപ നിരക്കിലുമാണ് വെള്ളക്കരം ഈടാക്കുന്നതെന്ന് നിലവിലെ മീറ്റർ റീഡർ അറിയിച്ചു. ആയത് നിശ്ചയിച്ചത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രിന്റ് ചെയ്ത രശീതി ബുക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതാണെങ്കിലും, ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. കളക്ഷൻ രജിസ്റ്ററിൽ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരവും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ കുടിവെള്ള പദ്ധതിയുടെ കളക്ഷൻ കൃത്യമായി ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല. ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഓരോ മാസവും കുടിശ്ശിക വരുത്തിയവരുടെ വിവരം കൃത്യമായി ശേഖരിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കുകയോ ചെയ്യുന്നതായി കണ്ടില്ല. അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 33/30.10.21) മറുപടി

ലഭ്യമാക്കിയിട്ടില്ല.
അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

2-1 ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കിയില്ല.

എടവണ്ണ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30/ ച.മീ
വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	50/ ച.മീ
വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	75/ ച.മീ

ചുവടെ ചേർത്ത കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തിന്റെ ഉപയോഗ ക്രമം പരിഗണിച്ചതിൽ അപാകത കാണുന്നു.

കെട്ടിട ഉടമ / കെട്ടിട നമ്പർ, സെക്രട്ടറി അംഗീകരിച്ച തിയ്യതി	തറവിസ്തീർണ്ണം	നികുതി നിർണ്ണയ വിവരം	ഈടാക്കേണ്ട നികുതി	വ്യത്യാസം
ശ്രീ . അബ്ദു സമദ്, ചീരാൻ തൊടിക V/337 F 17.09.2019	GF- 209.58 ച.മീ	30/ച.മീ നിരക്കിൽ അടിസ്ഥാന വസ്തു നികുതി- 209.58X30 = 6288 ഇളവ്- 30%(മേഖല- 20% + മേൽക്കൂര 10%) - 1886 വർദ്ധനവ്- 20% (റോഡ്)- 1257 വസ്തു നികുതി = 5659 ലൈബ്രറി സെസ്- 283 **ആകെ-** 5942	50/ച.മീ നിരക്കിൽ അടിസ്ഥാന വസ്തു നികുതി- 209.58X50 = 10479 ഇളവ്- 30%(മേഖല- 20% + മേൽക്കൂര 10%) - 3143 വർദ്ധനവ്- 20% (റോഡ്)- 2096 വസ്തു നികുതി = 9432 ലൈബ്രറി സെസ്- 472 **ആകെ-** 9904	വസ്തു നികുതി- 3773 ലൈബ്രറി സെസ്- 189 **ആകെ-** 3962
ചെയർമാൻ ഇസ്ലാമിക ഗൈഡൻസ് ട്രസ്റ്റ് , എടവണ്ണ 733 J 14.05.2019	FF- 322 ച.മീ	30/ച.മീ നിരക്കിൽ അടിസ്ഥാന വസ്തു നികുതി- 322 X30 = 9660/- വർദ്ധനവ്- 20% (റോഡ്)- 1932	30/ച.മീ നിരക്കിൽ അടിസ്ഥാന വസ്തു നികുതി- 322 X50 = 16100/- വർദ്ധനവ്- 20% (റോഡ്)- 3220	വസ്തു നികുതി- 7341 ലൈബ്രറി സെസ്- 367 **ആകെ-7708**

		= 11592 ഇളവ്- ബഹുനില വാണിജ്യാവശ്യം - 579.6 വസ്തു നികുതി- 11013 ലൈബ്രറി സെസ്- 551 **ആകെ-11564 രൂപ**	= 19320 ഇളവ്- ബഹുനില വാണിജ്യാവശ്യം - 966 വസ്തു നികുതി- 18354 ലൈബ്രറി സെസ്- 918 **ആകെ- 19272 രൂപ**	

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം പരിഗണിക്കാതെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ ,ഗോഡൗൺ എന്ന രീതിയിൽ പരിഗണിച്ച് വസ്തു നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള മുകളിൽ പരാമർശിച്ച കെട്ടിടങ്ങളെ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളായി പരിഗണിച്ച് വസ്തു നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകേണ്ടതും ഡിമാന്റ് ക്രമീകരിച്ച് വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 21 /*19-20*/28.10.2021 ന് മറുപടി ലഭ്യമാക്കിയില്ല)

ഭാഗം -3

3-1 പരിരക്ഷ – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

പ്രൊജക്ട് നമ്പർ	18/20
വിനിയോഗിച്ച തുക	4,40,240/- രൂപ (വികസന ഫണ്ട്) + 2,07,179/- രൂപ (തനത് ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

2019-20 സാമ്പത്തിക വർഷത്തിൽ പരിരക്ഷ ഹോംകെയർ പദ്ധതിക്ക് വേണ്ടി 4,40,240/- രൂപ വികസന ഫണ്ടിൽ നിന്നും 2,07,179/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). പരിരക്ഷ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.മുഹമ്മദ് സാലിഹിന് 2019 സെപ്റ്റംബർ മാസത്തെ ദിവസവേതനമായി 15,875/- രൂപ 06.11.2019 ലെ 3044975 നമ്പർ ചെക്ക് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ.മുഹമ്മദ് സാലിഹ് 715 രൂപ നിരക്കിൽ 16 ദിവസത്തെ വേതനത്തിനാണ് അപേക്ഷിച്ചിട്ടുള്ളത്. ഇത് പ്രകാരം 11,440/- രൂപ മാത്രമാണ് അനുവദിക്കേണ്ടിയിരുന്നത്. വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരവും സെപ്റ്റംബർ മാസത്തിൽ 16 ദിവസം മാത്രമാണ് പരിരക്ഷ ഹോം കെയറിന് വേണ്ടി വാഹനം ഓടിയിട്ടുള്ളത്. 4,435/- രൂപ അധികം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2). പരിരക്ഷ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.മുഹമ്മദ് സാലിഹിന് 2019 ഒക്ടോബർ മാസത്തെ ദിവസവേതനമായി 12,155/- രൂപ 23.11.2019 ലെ 3044980 നമ്പർ ചെക്ക് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ.മുഹമ്മദ് സാലിഹ് 715 രൂപ നിരക്കിൽ 15 ദിവസത്തെ വേതനത്തിനാണ് അപേക്ഷിച്ചിട്ടുള്ളത്. ഇത് പ്രകാരം 10,725/- രൂപ മാത്രമാണ് അനുവദിക്കേണ്ടിയിരുന്നത്. വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരവും സെപ്റ്റംബർ മാസത്തിൽ 15 ദിവസം മാത്രമാണ് പരിരക്ഷ ഹോം കെയറിന് വേണ്ടി വാഹനം ഓടിയിട്ടുള്ളത്. 1,430/- രൂപ അധികം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

3). 23.11.2019 ലെ 3044981 നമ്പർ ചെക്ക് പ്രകാരം വാഹനത്തിന്റെ ഇൻഷ്വറൻസ് അടവാക്കുന്നതിനായി ശ്രീ.അബ്ദുൾ നാസർ (അക്കൌണ്ട് നമ്പർ.67394281982, SBI Edavanna) എന്നവർക്ക് 11,652/- രൂപ അനുവദിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന് തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. ഇൻഷ്വറൻസ് പ്രീമിയം അടച്ചതിന്റെ രശീതിയോ ഇൻഷ്വറൻസ് രേഖയോ

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ 1, 2 എന്നിവ പ്രകാരം അധികമായി അനുവദിച്ച 5,865/- രൂപ (4435 + 1430) ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 24(2019-20)/29.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

ഭാഗം -4

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2019-20	27.10.2021, 28.10.2021	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി

4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്,നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	233000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (22/20)	233000	0
ബ്ലോക്ക് പഞ്ചായത്ത്	460000	ലൈഫ് ഭവന പദ്ധതി - എസ്.സി (233/20)	460000	0
ജില്ലാ പഞ്ചായത്ത്	400000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (22/20)	400000	0
ജില്ലാ പഞ്ചായത്ത്	100000	ലൈഫ് ഭവന പദ്ധതി - എസ്.സി (233/20)	100000	0

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

4-5 വായ്പ /വായ്പ തിരിച്ചടവ്.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	GO(MS)6105/2019/LSGD/ 01.08.19	272000	13168000	1000000	0	12440000

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 19469/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ / തിയ്യതി
2017-18	2-1	5600	സെക്രട്ടറി, വനിത സഹകരണ സംഘം, വായനശാല, പത്തപ്പിരിയം	119100101480 തി.30.05.2019
2000 -01	12	2232	ശ്രീ.അലവി	119100102588 തി.10.07.2019
2006-07	3-7	188	ശ്രീ.പി.എം. അബൂബക്കർ	119100102615 തി.11.07.2019
2001-02	4	1000	--	119100102651 തി.11.07.2019
2001-02	11	232	--	119100102652 തി.12.07.2019
1994-95 1995-96	19	1984	--	119100102678 തി.12.07.2019
1996-97	18	80	ശ്രീ.വേലായുധൻ. സൂപ്രണ്ട്	119100102691 തി.12.07.2019
1996-97	18	240	ശ്രീ. അഹമ്മദ്	119100102692 തി.12.07.2019
1996-97	18	240	ശ്രീമതി.ചന്ദ്രിക	119100102693 തി.12.07.2019
1997-98	39	1335	ശ്രീ.ഭാസ്കരൻ	119100102694 തി.12.07.2019
		250	ശ്രീ.ശശി	119100102695 തി.12.07.2019
2000-01	2(1)	120	HM IOLPS Edavanna	119100102696 തി.12.07.2019
2000-01	2(2)	30	മെഡിക്കൽ ഓഫീസർ , പി.എച്ച്.സി എടവണ്ണ	119100102697 തി.12.07.2019
2000-01	7	224	ശ്രീമതി. ആയിഷ	119100102698 തി.12.07.2019
2001-02	13	256	--	119100102699 തി.12.07.2019
2003-04	2(2)	150	ശ്രീ. ശ്രീധരൻ നായർ	119100102700 തി.12.07.2019
2003-04	2(2)	60	ശ്രീമതി. പ്രമീളകുമാരി	119100102701 തി.12.07.2019
2003-04	2(2)	60	ശ്രീ. സി.കെ മോഹൻദാസ്	119100102702 തി.12.07.2019
2003-04	2(2)	60	ശ്രീ. ചാത്തുക്കുട്ടി	119100102703 തി.12.07.2019
2003-04	2(2)	120	ശ്രീമതി. സരോജിനി	119100102704 തി.12.07.2019
2003-04	2(2)	60	ശ്രീ. മർഷൂക്ക്	119100102705

				തി.12.07.2019
2005-06	2-6	200	--	119100102706 തി.12.07.2019
2008-09 - 2010-11	2-1(1)	150	ശ്രീ. മുജീബ് റഹ്മാൻ	119100102707 തി.12.07.2019
2008-09 - 2010-11	2-1(1)	150	ശ്രീ. സജീഷ്.പി	119100102708 തി.12.07.2019
2008-09 - 2010-11	2-1(1)	550	ശ്രീ. ഉസ്മാൻ	119100102709 തി.12.07.2019
2004-05	3-1	1311	ശ്രീമതി. പി.സുശീല	119100102710 തി.15.07.2019
2001-02	21	943	ശ്രീ.സുൽഫിക്കറലി	119100102724 തി.15.07.2019
2008-09 - 2010-11	3-6	1644	ശ്രീ.സാജിദ് ബാബു	119100102750 തി.15.07.2019

(വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ 19469/- രൂപ വരവ് കാണിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല)

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2011-12	2	2012-13	3.3	പ്രവർത്തനക്ഷമതാ റിപ്പോർട്ട് – ആരോഗ്യമേഖല	നടപടി തുടരുന്നു
2011-12	3(1)	2014-15	4.1	നിഷ്ക്രിയാസ്തികൾ - അവലോകനം	നടപടി തുടരുന്നു
2011-12	3(2)	2014-15	4.2.6	മണൽ വാരൽ - അവലോകനം	നടപടി തുടരുന്നു
2014-15	2(1), 2(2)	2016-17	അദ്ധ്യായം-2, അനുബന്ധം-4	തൊഴിൽ നികുതി, വസ്തു നികുതി- ഈടാക്കാത്തത് സംബന്ധിച്ച്	നടപടി തുടരുന്നു

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ക്രമ നമ്പർ	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.	ചാർജ്ജ് സർട്ടിഫിക്കറ്റ്		കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യ മായ തുക	അവശേ ഷിക്കുന്ന തുക
				നമ്പറും തിയ്യതിയും	തുക	ഉൾപ്പെട്ട തുക	ഈടാ ക്കിയ തുക		
1	2008-11	3-17	ശ്രീമതി.ശ്രീകല,	LF6668/	102000/-	--	--	--	102000/-

			വി.ഇ.ഒ, ഗ്രാമ വികസന വകുപ്പ്	Spl.Cell/SC/D1/13 /04.04.15					

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ വരവ്	81221958
ഓഡിറ്റ് വർഷത്തെ ചെലവ്	82392655
വരവിനങ്ങളിലുള്ള നഷ്ടം	11114
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	5865
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	27,54,653

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1 (ഭാഗികം)	3773	--	ശ്രീമതി.ബീന.പി.എ, സെക്രട്ടറി ഇൻ ചാർജ് തൈപ്പറമ്പിൽ ലജനത്ത് വാർഡ് ആലപ്പുഴ മെയിൻ (പി.ഒ), ആലപ്പുഴ
2-1 (ഭാഗികം)	7341	--	ശ്രീ.ഫസിൽ ഷാ.ഐ, സെക്രട്ടറി 20/1543(1), FS കോട്ടേജ്, ശാസ്ത്രി നഗർ, വെസ്റ്റ് കരമന, തിരുവനന്തപുരം (പി.ഒ) – 695 002
3-1		5865	ഡോ.മൻസൂറലി.വി.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ഗ്രീൻവില്ല ഹൗസ്, പത്തപ്പിരിയം (പി.ഒ), മലപ്പുറം പിൻ – 676 123

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	14851	ഡോ.ജീന, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-25	326000	ശ്രീമതി.ബീന.പി.എ, സെക്രട്ടറി
1-30	177600	ശ്രീ. അബൂബക്കർ. പി, ഹെഡ്മാസ്റ്റർ
1-31	1302400	ശ്രീ. അബൂബക്കർ. പി, ഹെഡ്മാസ്റ്റർ
1-35	479605	ശ്രീ.ഫസിൽ ഷാ.ഐ, സെക്രട്ടറി
1-38	454197	ശ്രീ.ഫസിൽ ഷാ.ഐ, സെക്രട്ടറി – 325057 രൂപ ശ്രീമതി.ബീന.പി.എ, സെക്രട്ടറി ഇൻ ചാർജ് – 76963 രൂപ ശ്രീമതി.ആശ ഗോപാൽ, സെക്രട്ടറി – 52,177 രൂപ
ആകെ	27,54,653	

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	സ്ഥിരം മേൽവിലാസം
2-1 (ഭാഗികം)	3773	ശ്രീമതി.ബീന.പി.എ, സെക്രട്ടറി ഇൻ ചാർജ്	തൈപ്പറമ്പിൽ, ലജനത്ത് വാർഡ്, ആലപ്പുഴ മെയിൻ പി.ഒ, ആലപ്പുഴ
2-1 (ഭാഗികം)	7341	ശ്രീ.ഫസിൽ ഷാ.ഐ, സെക്രട്ടറി	20/1543(1) FS, ശാസ്ത്രി നഗർ, വെസ്റ്റ് കരമന .പി.ഒ, തിരുവനന്തപുരം 695002
3-1	5865	ഡോ.മൻസൂറലി.വി.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	ഗ്രീൻ വില്ല ഹൗസ്, പത്തപ്പിരിയം.പി.ഒ, മലപ്പുറം – 676123

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

1997-98	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	2
1998-99	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	5
1999-00	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	4
2000-01	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	5
2001-02	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	5
2000-01	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	5
2001-02	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	4
2003-04	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	7
2004-05	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	3
2005-06	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	1
2006-07	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	3
2007-08	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	9
2008-09 2009-10 2010-11	കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019	3
2011-12	കെ.എസ്.എ.എം.പി.എം.5/3564/14 തി.26.08.2017	9
2012-13 2013-14	കെ.എസ്.എ.എം.പി.എം.5/1408/15 തി.26.07.2017	11
2014-15	കെ.എസ്.എ.എം.പി.എം.5/732/16 തി.17.07.17	8
2015-16	കെ.എസ്.എ.എം.പി.എം.5/2423/16 തി.19.02.18	16
2016-17	കെ.എസ്.എ.എം.പി.എം.5/1773/17 തി.20.07.18	14
2017-18	കെ.എസ്.എ.എം.പി.എം.5/12/19 തി.27.05.20	12
2018-19	കെ.എസ്.എ.എം.പി.എം.5/457/2020 തി.14.07.21	19

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്